# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഏലിയാ-സ്ലീവാ-മൂശെ ലക്കം 2014




# ആശംസകൾ....



ആധുനിക സീറോ മലബാർസഭയുടെ പ്രഥമ മല്പാനും ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരി ജനറാളും അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ ഫാദറും പരമാവധിസ്നേഹത്തിന്റെ പ്രേഷിത കുടുംബത്തിന്റെ സ്ഥാപകഡയറക്ടറുമായ ഞങ്ങളുടെ സ്നേഹബഹുമാനപ്പെട്ട മാത്യു വെള്ളാനിക്കലച്ചന് നാമഹേതുകതിരുനാളിന്റെയും (സെപ്റ്റംബർ 21) 80-ാം ജന്മദിനത്തിന്റെയും (സെപ്റ്റംബർ 25) പ്രാർത്ഥനാശംസകൾ സ്നേഹപൂർവ്വം നേരുന്നു.

**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**
**അപ്പസ്തോലിക് സൊദാലെസ്**
**സോഷ്യൽ ആനിമേറ്റേഴ്സ്**


# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 32 ഏലിയാ-സ്ലീവാ-മൂശെ ലക്കം 2014


**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)**


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**സ്റ്റെഫി മംഗലത്തുകുന്നേൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതം 03
- കായേൻ നിന്റെ സഹോദരനെവിടെ? 05
- ഏലിയാ സ്ലീവാ മൂശെക്കാലങ്ങൾ 07
- തന്റെ കുരിശിനാൽ 09
- ഒരു കുടയും ഒരു പൊതിച്ചോറും 11
- ധന്യമീജീവിതം 13
- കാഴ്ച 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- Youth with a Vision 18
- ഭാര്യാഭർതൃബന്ധം 20
- ആത്മനിയന്ത്രണത്തിന്റെ പദമാണ് 'നൊ' 23
- സ്ലീവാ ദൈവത്തിലേക്കുള്ള ഏകമാർഗ്ഗം 25
- കുഴിമാടത്തിലെ ഐക്യം 27
- പുഞ്ചിരിയുടെ പ്രേഷിതൻ 28
- സാന്നിധ്യമല്ല -വേണ്ടത് സാമീപ്യം 29
- സെനക്കിൾ തരംഗം 30
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 31
- വിചാരണ 32

എഡിറ്റോറിയൽ

# പ്രത്യാശാകിരണം

മിശിഹായുടെ രണ്ടാം ആഗമനവും അന്ത്യവിധിയും സ്ലീവായുടെ ശക്തിയും വിജയവുമെല്ലാം ധ്യാനവിഷയമാക്കുന്ന ആരാധനാവത്സരകാലമാണ് ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ. നമ്മുടെ ജീവിതത്തിന്റെ അന്ത്യാത്മകമാനത്തെക്കുറിച്ചു ചിന്തിക്കുവാനും സ്വർഗ്ഗത്തിൽ നിക്ഷേപം സൂക്ഷിക്കുവാനും സ്ലീവായുടെ മഹത്ത്വത്തെ പ്രകീർത്തിക്കുവാനുമൊക്കെ ഈ കാലഘട്ടം നമ്മെ ആഹ്വാനം ചെയ്യുന്നു.

തിരുസ്സഭ തീർത്ഥാടകയാണ്; സഭാംഗങ്ങൾ തീർത്ഥാടകരും. നശ്വരമായ ഈ ലോകവും അതിലുള്ളവയും വെടിഞ്ഞ് അനശ്വരങ്ങളായവയിൽ നിക്ഷേപങ്ങളുറപ്പിച്ച് യാത്ര ചെയ്യുന്നവർ... സ്വർഗ്ഗീയഗേഹത്തിലേക്കുള്ള സഞ്ചാരപാതയിൽ മഹത്ത്വീകൃതമായ സ്ലീവാ നമുക്കു വഴികാട്ടിയും ശക്തിസ്രോതസ്സുമായിരിക്കണം. കർത്താവിന്റെ സ്ലീവായാണ് എല്ലാവിധ അനുഗ്രഹങ്ങളുടെയും ഉറവിടം. അതാണ് നമ്മുടെ ജീവിതത്തിന്റെ പ്രത്യാശാകിരണം. നമ്മുടെ കുരിശുകളാകുന്ന ജീവിതക്ലേശങ്ങളെ പ്രത്യാശാപൂർവ്വം നേരിടുവാൻ വേണ്ട ശക്തി കർത്താവിന്റെ സ്ലീവാ നമുക്കു പ്രദാനം ചെയ്യുന്നുണ്ട്.

"നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ. ... ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും" (യോഹ 14,1-3) എന്ന ഈശോയുടെ വാക്കുകൾ അന്ത്യാത്മകജീവിതത്തെക്കുറിച്ചുള്ള പ്രത്യാശ നമുക്കു നല്കുന്നു. കടന്നുപോകുന്ന ഈ ലോകത്തിൽ ദൈവത്തിന്റെ വചനമാണ് നിത്യം നിലനില്ക്കുന്നത്: "ആകാശവും ഭൂമിയും കടന്നുപോകും. എന്നാൽ എന്റെ വചനങ്ങൾ കടന്നുപോവുകയില്ല" (മർക്കോ 13,31). ദൈവത്തിന്റെ ഹിതംതന്നെയായ അവിടുത്തെ വാക്കുകളിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ട് അതനുസരിച്ചു ജീവിക്കുമ്പോൾ സ്നേഹവും സമാധാനവും പ്രത്യാശയും നമ്മിൽ നിറയും. സ്വർഗ്ഗസൗഭാഗ്യത്തിന് നാം അർഹരായിത്തീരുകയും ചെയ്യും.

**ചീഫ് എഡിറ്റർ**



**സെനക്കിൾ ആദ്ധ്യാത്മികത - 21**



# ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതം

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

സെനക്കിളിൽ അന്ത്യപ്രഭാഷണത്തെത്തുടർന്ന് ഈശോയുടെ പുരോഹിതപ്രാർത്ഥനയാണ് യോഹന്നാൻസുവിശേഷകൻ നല്കുന്നത്. ഈ പുരോഹിതപ്രാർത്ഥനയ്ക്ക് മൂന്നു ഭാഗങ്ങളുണ്ട്: 1. ഈശോ തനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു (17,1-8); 2. ഈശോ ശിഷ്യർക്കുവേണ്ടി പ്രാർത്ഥിക്കുന്നു (17,9-19); 3. ഈശോ തന്നിൽ വിശ്വസിക്കാനിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു (17,20-26). ഇതിലെ ആദ്യഭാഗമാണ് നാം വിചിന്തനത്തിനു വിധേയമാക്കുന്നത്. തനിക്കുവേണ്ടിത്തന്നെ ഈശോ പ്രാർത്ഥിക്കുമ്പോൾ തന്റെ മഹത്ത്വീകരണമാണ് പ്രാർത്ഥനയുടെ വിഷയമാക്കുന്നത്: "പിതാവേ, സമയമായിരിക്കുന്നു; പുത്രൻ അവിടുത്തെ മഹത്ത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങ് മഹത്ത്വപ്പെടുത്തണമേ" (17,1).

**ദൈവദത്തമായ ദൗത്യം പൂർത്തിയാക്കുന്ന ജീവിതം**

പിതാവായ ദൈവം തന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ടാണ് ഈശോ ദൈവത്തെ മഹത്ത്വപ്പെടുത്തിയത്: "അവിടുന്ന് എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്ത്വപ്പെടുത്തി" (17,4). ദൈവം തന്നെ ഏല്പിച്ച ജോലി ഈശോ പൂർത്തിയാക്കിയത് തന്റെ മഹത്ത്വീകരണത്തിലൂടെയാണ്. തന്റെ മഹത്ത്വീകരണത്തിന് ഈശോ തുടക്കംകുറിച്ചത് പരസ്യജീവിതശുശ്രൂഷയ്ക്ക് ആരംഭം കുറിച്ചപ്പോഴാണ്. കാനായിലെ വിവാഹവിരുന്നിൽ വെള്ളം വീഞ്ഞാക്കുന്ന ആദ്യ അത്ഭുതം പ്രവർത്തിച്ചുകൊണ്ടാണ് ശുശ്രൂഷയ്ക്ക് തുടക്കംകുറിച്ചത് (യോഹ 2,11). കാനായിൽ തുടക്കംകുറിച്ച മഹത്ത്വീകരണം പൂർത്തീകരിക്ക

പ്പെടുന്നത് കാൽവരിയിലാണ്. ആ നിമിഷം സമാഗതമായെന്നു മനസ്സിലാക്കി, പിതാവു തന്നെ ഏല്പിച്ച ദൗത്യം പൂർത്തിയാക്കി പിതാവിനെ മഹത്ത്വപ്പെടുത്തുന്നതിന് തന്നെ പീഡാനുഭവ, മരണ, ഉത്ഥാനങ്ങളിലൂടെ കടത്തിവിടണമേ എന്നാണ് ഈശോ പ്രാർത്ഥിക്കുന്നത് (17,1). ദൈവം നമ്മെ ഏല്പിക്കുന്ന ദൗത്യം ഈ ലോകത്തിൽ പൂർത്തിയാക്കിക്കൊണ്ടാണ് നാം ദൈവത്തെ മഹത്ത്വപ്പെടുത്തേണ്ടത്.

**ദൈവത്തിന്റെ നാമം വെളിപ്പെടുത്തുന്ന ജീവിതം**

"ലോകത്തിൽനിന്ന് അവിടുന്ന് എനിക്കു നല്കിയവർക്ക് അവിടുത്തെ നാമം ഞാൻ വെളിപ്പെടുത്തി" (17,6). ദൈവത്തിന്റെ നാമം, അല്ലെങ്കിൽ, ദൈവത്തെത്തന്നെ ലോകത്തിനു വെളിപ്പെടുത്തുക എന്നതായിരുന്നു ഈശോയുടെ ദൗത്യം. ഈശോയുടെ ജീവിതവും വാക്കുകളും പ്രവൃത്തികളുമെല്ലാം ദൈവത്തെ മനുഷ്യർക്കു വെളിപ്പെടുത്തുന്നവയായിരുന്നു. അതുകൊണ്ടുതന്നെയാണ് യോഹന്നാൻശ്ലീഹാ ഈശോയ്ക്ക് 'വചനം' എന്ന പേരു നല്കിയത്. ഒരുവന്റെ വാക്ക് അയാളെ വെളിപ്പെടുത്തുന്നതാണല്ലോ. ദൈവത്തിന്റെ വചനം ദൈവത്തെ വെളിപ്പെടുത്തുന്നു. വി. യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ആമുഖത്തിൽ ഈശോയെ ദൈവത്തിന്റെ വചനമായി അവതരിപ്പിക്കുന്നു (യോഹ 1,1-18). ആമുഖത്തിന്റെ അവസാനഭാഗത്ത് സുവിശേഷകൻ പറയുന്നു: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ 1,18). ദൈവത്തെ വെളിപ്പെടുത്തുന്നതുവഴി എല്ലാവരും ദൈവത്തെ അറിയുകയും അവിടുത്തെ മഹത്ത്വപ്പെടുത്തുകയും ചെയ്യും.

**ദൈവത്തിന്റെ വചനം നല്കുന്ന ജീവിതം**

"എന്തെന്നാൽ, അങ്ങ് എനിക്കു നല്കിയ വചനം ഞാൻ അവർക്കു നല്കി. അവർ അതു സ്വീകരിക്കുകയും ഞാൻ അങ്ങയുടെ അടുക്കൽനിന്നു വന്നുവെന്നു സത്യമായി അറിയുകയും, അങ്ങ് എന്നെ അയച്ചുവെന്ന് വിശ്വസിക്കുകയും ചെയ്തു" (17,8). ദൈവത്തിന്റെ വചനം നല്കുന്ന ശുശ്രൂഷയായിരുന്നു ഈശോയുടേത്. അവിടുന്ന് വചനംതന്നെയായിരുന്നു - ദൈവത്തോടുകൂടെയായിരുന്ന വചനം; ദൈവംതന്നെയായിരുന്ന വചനം (യോഹ 1,1-2). ദൈവവചനം ദൈവഹിതം തന്നെയാണ് (മർക്കോ 3,35=ലൂക്കാ 8,21). ഈശോയുടെ ജീവിതം ദൈവഹിതം പൂർത്തിയാക്കുന്ന ജീവിതമായിരുന്നു: "എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" (യോഹ 4,34). മരണംവരെ അനുസരണമുള്ളവനായിത്തീർന്നുകൊണ്ട്, മനുഷ്യർക്ക് അപ്രകാരം ജീവിക്കാനുള്ള വഴിയായിത്തീരുകയും ചെയ്തുകൊണ്ട് (യോഹ 14,6) ഈശോ ദൈവത്തെ മഹത്ത്വപ്പെടുത്തി.

**സ്വയം മഹത്ത്വീകരിക്കപ്പെടുന്ന ജീവിതം**

"പിതാവേ, സമയമായിരിക്കുന്നു; പുത്രൻ അവിടുത്തെ മഹത്ത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങ് മഹത്ത്വപ്പെടുത്തേണമേ" (17,1). തന്റെ മഹത്ത്വീകരണത്തിലൂടെയാണ് ഈശോ ദൈവത്തെ മഹത്ത്വപ്പെടുത്തിയത്. ഈശോയുടെ മഹത്ത്വീകരണം എന്നു പറയുന്നത് അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവുമാണ്. പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും കടന്ന് ഉത്ഥാനത്തിന്റെ മഹത്ത്വം പ്രാപിക്കുന്ന പ്രക്രിയയെയാണ് മഹത്ത്വീകരണമെന്ന് യോഹന്നാൻസുവിശേഷകൻ വിശേഷിപ്പിക്കുന്നത്. ഈശോ സ്വന്തം ജീവൻ വെടിഞ്ഞ് തനിക്കു ദൈവത്തോടും മനുഷ്യകുലത്തോടുമുള്ള സ്നേഹം വെളിപ്പെടുത്തി. അതിലൂടെ ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹം ലോകത്തിനു ദൃശ്യമായി: "തന്നിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). ദൈവത്തിന്റെ രക്ഷാകരസ്നേഹം ഈശോയുടെ കുരിശുമരണത്തിൽ വെളിപ്പെട്ടതുവഴി ദൈവം മനുഷ്യരുടെ മദ്ധ്യേ മഹത്ത്വീകരിക്കപ്പെട്ടു. നമ്മുടെ സഹനജീവിതത്തിലൂടെ ദൈവത്തിന്റെ സ്നേഹം മറ്റുള്ളവർക്ക് വെളിപ്പെടുത്തുന്നതുവഴി ദൈവം മഹത്ത്വീകരിക്കപ്പെടുന്നു. നാമും സഹനമരണങ്ങളിലൂടെ കടന്ന് ഈശോയോടൊപ്പം മഹത്ത്വീകരിക്കപ്പെടുന്നു.









# 'കായേൻ നിന്റെ സഹോദരനെവിടെ!'

**മങ്ങാടൻ**

വാർത്താമാധ്യമങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകാതെപോയ ഒരു സത്യമാണ് ഇറാക്കിൽ ന്യൂനപക്ഷങ്ങൾക്കു നേരെ നടന്ന പീഡനങ്ങളും മനുഷ്യക്കുരുതിയും. ന്യൂനപക്ഷങ്ങളായ യസീദി, ക്രൈസ്തവർ, കുർദുകൾ എന്നിവരുടെമേൽ ഐ.എസ്.ഐ.എസ് ഭീകരരുടെ തേർവാഴ്ച മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്നതായിരുന്നു.

4 വയസ്സുള്ള കുഞ്ഞിനെ മടിയിലിരുത്തി പത്രം വായിക്കുന്ന അമ്മ ഇറാക്കിലെ ക്രൂരതകളെക്കുറിച്ച് കുഞ്ഞിനോട് പറഞ്ഞശേഷം പ്രാർത്ഥന ചൊല്ലിക്കൊടുത്തപ്പോൾ അമ്മയോട് കുഞ്ഞ് ചോദിച്ച ചോദ്യം ചങ്ക് പിടപ്പിക്കുന്നതായിരുന്നു. "അമ്മേ അവര് പേടിച്ചോടുമ്പോൾ നമ്മളിവിടെ സുഖമായിരിക്കുകയാ അല്ലേ?" ഇതെല്ലാം കേട്ടുനിന്ന എന്നെ ഈ ചോദ്യം വല്ലാതെ സങ്കടപ്പെടുത്തി. ഓരോ മനുഷ്യമക്കളെയും ചേർത്തുനിർത്തി "ഇതാ എന്റെ അസ്ഥിയുടെ അസ്ഥിയും എന്റെ മാംസത്തിന്റെ മാംസവും"(ഉൽപ 2:23) എന്നു പറഞ്ഞ് ഹൃദയത്തിന്റെ ഭാഗമാക്കേണ്ടവർ കാട്ടിക്കൂട്ടുന്ന

ക്രൂരതയുടെ അറംപറ്റിയ പ്രവൃത്തികളെ അത്ര നിസ്സംഗതയോടെ കണ്ണടച്ച് തള്ളാൻ നിനക്കാവുമോ? ഫ്രാൻസീസ് മാർപാപ്പാ കെഞ്ചുകയാണ് ദൈവനാമത്തിൽ ഈ ക്രൂരത അരുതേയെന്ന്... നമുക്കുവേണ്ടി ക്രൂശിക്കപ്പെടുന്നവരുടെ മുറിവുകളെ കണ്ടില്ലെന്ന് നടിക്കാനാവുമോ നിനക്ക്?...

സ്വന്തം മാതാപിതാക്കളുടെ മുമ്പിൽ മക്കളെ വെട്ടിക്കൊലപ്പെടുത്തുകയും അറുത്തെടുത്ത തലകളുമായി ഭീകരതാണ്ഡവമാടുകയും ചെയ്ത ഭീകരർ... യുവതികളോടും സ്ത്രീകളോടും അവർ സ്വീകരിച്ച നിലപാടുകൾ ദൈവംപോലും പൊറുക്കുകയില്ല.

ജീവൻ നിലനിർത്താൻ ഓടിപ്പോയവരുടെ അവസ്ഥ ഇതിലും ഭീതിദമാണ്... കൊടുംചൂടിൽ ദാഹത്തിന് വെള്ളമില്ലാതെ, ഭക്ഷണമില്ലാതെ ഇഞ്ചിഞ്ചായി മരിച്ചുവീഴുന്നവർ... കുഞ്ഞ് ദാഹംകൊണ്ടു വലഞ്ഞപ്പോൾ അപ്പൻ സ്വന്തം ഞരമ്പുമുറിച്ച് രക്തംകുടിക്കാൻ കൊടുത്തു എന്നത് ആരുടെ കരളാണ് അലിയിപ്പിക്കാത്തത്? (ശാലോം, ആഗസ്റ്റ് 24, 2014).

പീഡനങ്ങളുടെ ആധിക്യം മാത്രമല്ല നമ്മുടെ സഹോദരങ്ങളുടെ ജീവനെ ബാധിക്കുന്നത് എന്നത് നമുക്ക് വിസ്മരിക്കാതിരിക്കാം... തങ്ങളുടെ ജീവനെക്കുറിച്ചുള്ള ഭയം, ജീവിച്ചിരിക്കുന്നവരുടെ ഉണങ്ങാത്ത മുറിവുകൾ... ഇരുളടഞ്ഞ നാളെകൾ... എന്റെ രക്തബന്ധത്തെക്കാൾ ഉപരിയായി, വേദനിക്കുന്ന മക്കളെ ചങ്കോടുചേർത്തുവച്ച് ഉള്ളുരുകി നമ്മുടെ പ്രാർത്ഥനകൾ ഉയർത്താം... അഭയാർത്ഥി ക്യാമ്പിൽ കഴിയുന്ന സാഹർ മാൻസോറിന്റെ യാചന ഒരു ചരിത്രത്തിന്റെ മുഴുവൻ യാചനയാണ്... "വിശ്വാസത്തിൽ നിലനിൽക്കാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം. ഒരുതരത്തിലുള്ള ഭയവും ഞങ്ങളുടെ വിശ്വാസം നഷ്ടപ്പെടുത്താതിരിക്കട്ടെ. ക്രിസ്ത്യാനിയായിട്ടാണ് ഞാൻ ജനിച്ചത്. ക്രിസ്ത്യാനിയായി മരിക്കാൻ വേണ്ടിയാണ് ഞാനിപ്പോൾ പ്രാർത്ഥിക്കുന്നത്". ഈ യാചനകളെ ദിവ്യകാരുണ്യത്തിൻ മുമ്പിലേക്ക് ഉയർത്താൻ മറക്കരുതേ...

സഭ രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ടവളാണ്... അവളുടെ സമ്പന്നതയും ഇതുതന്നെ... ഒരു തിന്മയുടെ ശക്തിക്കും അവളെ തകർത്തെറിയാനാവില്ല... അവൾ തഴച്ചുവളരുക തന്നെ ചെയ്യും... 2 മക്കബായ 6,7 അധ്യായങ്ങളിൽ മതപീഡനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും ചരിത്രമാണ് ദർശിക്കാനാവുക. "കർത്താവിനോടുള്ള ഭക്തിയാൽ ഇവ സഹിക്കുന്നതിൽ എന്റെ ആത്മാവ് സന്തോഷിക്കുന്നു" എന്നുപറഞ്ഞ് മരണം വരിക്കുന്ന എലെയാസർ ശ്രേഷ്ഠതയുടെ മാതൃകയും ധീരതയുടെ സ്മാരകവുമായി... (2 മക്ക 6,30).

7-ാം അദ്ധ്യായത്തിൽ അമ്മയും ഏഴുമക്കളും ചരിത്രത്തിലിന്നുവരെയുണ്ടാകാത്ത ക്രൂരതയുടെ മുമ്പിൽ ചങ്കുറപ്പോടെ നിലകൊണ്ടതും ശ്രേഷ്ഠമായ മരണം വരിക്കാൻ പരസ്പരം ധൈര്യം പകർന്നതും നമുക്കു മറക്കാനാവില്ല.

ഇറാക്കിലെ നമ്മുടെ മാതാപിതാക്കൾക്കുവേണ്ടി, മക്കൾക്കുവേണ്ടി, സഹോദരങ്ങൾക്കുവേണ്ടി നെഞ്ചുനീറി നിലവിളിക്കാം.

**"ഓ! സമാധാനത്തിന്റെ ദൈവമേ, വിദ്വേഷം വ്യാപിപ്പിക്കുന്നവർക്ക് നിന്നെ മനസ്സിലാക്കാനാവില്ലല്ലോ: അക്രമം ഇഷ്ടപ്പെടുന്നവർക്ക് നിന്നെ സ്വീകരിക്കാനുമാവില്ലല്ലോ; സമാധാനസ്ഥാപകർക്ക് അവരുടെ ജോലിയിൽ നിരന്തരമായി വരുന്ന ആവശ്യങ്ങളെല്ലാം നല്കണമെ.**

**സമാധാനത്തെ തടയുന്നവർക്ക് അവരെ പീഡിപ്പിക്കുന്ന വെറുപ്പിൽനിന്നും സൗഖ്യം അങ്ങ് അനുവദിക്കണമേ. അങ്ങനെ നിത്യസമാധാനമായ നിന്നിൽ എല്ലാവരും ഒരുമിക്കട്ടെ. എല്ലാ വംശങ്ങളിലും ഭാഷകളിലുംപെട്ട മനുഷ്യർക്ക് നിന്റെ നീതിയുടെയും സമാധാനത്തിന്റെയും സനേഹത്തിന്റേതുമായ ഭരണം ലഭിക്കുമാറാകട്ടെ. അങ്ങനെ ഭൂമി മുഴുവൻ നിന്റെ മഹത്ത്വത്താൽ നിറഞ്ഞു നിൽക്കട്ടെ". ആമ്മേൻ.**







# ഏലീയാ സ്ലീവാ മൂശെക്കാലങ്ങൾ

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി

മാർ സ്ലീവായുടെ തിരുനാൾ കേന്ദ്രീകൃതമായ ആരാധനവത്സരകാലഘട്ടം. മഹത്ത്വപൂർണ്ണനായ ഈശോമശിഹായുടെ രണ്ടാമത്തെ ആഗമനവും അന്ത്യവിധിയും വിചിന്തനം ചെയ്തുകൊണ്ട് ദൈവജനത്തെ സ്വർഗ്ഗസൗഭാഗ്യത്തിന് ഒരുക്കുന്നു. ഈ കാലഘട്ടത്തിന്റെ ഒന്നാമത്തെ ഞായറാഴ്ച പരിശുദ്ധ കുർബാനയിൽ പ്രഘോഷിതമാകുന്ന പുതിയ നിയമ ഭാഗങ്ങളിൽ സുവിശേഷം കരുടുനു ഈശോ അത്ഭുതകരമായി കാഴ്ചനല്കുന്നത് അവതരിപ്പിക്കുന്നു. ലേഖനഭാഗമാകട്ടെ, വി. പൗലോസ്ശ്ലീഹാ തെസലോനിക്കയിലെ സഭയ്ക്ക് എഴുതുന്ന കത്താണ്. ശ്ലീഹായുടെ വാക്കുകളിൽ ഒന്നു വ്യക്തമാക്കുന്നു. 1). നാം ജീവിക്കുന്ന ദൈവത്തെ സേവിക്കുന്നതിനുവേണ്ടിയുള്ളവരാണ്. 2). അവിടുന്നു മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവനും വരാനിരി ക്കുന്ന ക്രോധത്തിൽനിന്ന് നമ്മെ മോചിപ്പിച്ചവനുമായ ഈശോ എന്ന അവിടുത്തെ പുത്രനെ സ്വർഗ്ഗത്തിൽ നിന്നു നാം പ്രതീക്ഷിക്കണം. 3). ഇതിനായി വിഗ്രഹങ്ങളിൽനിന്ന് നാം പിൻതിരിയണം. (1 തെസ 1:10).

ഈ പ്രത്യാശാപൂർണ്ണമായ ജീവിതത്തിലേക്ക് നാം എത്തിച്ചേരുന്നതിന് നമുക്ക് 1). നമ്മുടെ പിതാവായ ദൈവത്തിന്റെ മുമ്പാകെ വിശ്വാസത്തിന്റെ പ്രവൃത്തിയും 2). സ്നേഹത്തിന്റെ പ്രയത്നവും 3). കർത്താവായ ഈശോ മിശിഹായിലുള്ള ദൃഢമായ പ്രത്യാശയും ഉണ്ടാവണം (1 തെസ 3:3). ചുരുക്കത്തിൽ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവികപുണ്യങ്ങളാണ് നമ്മെ യുഗാന്ത്യ സൗഭാഗ്യത്തിലേക്ക് നയിക്കുക. ഇവ മൂന്നുമാണ് നിലനില്ക്കുന്നത് എന്ന് ശ്ലീഹാ കോറിന്തോസിലെ ദൈവജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ട്. (1 കോറി 13:13).

ദൈവത്തിലുള്ള വിശ്വാസവും, വിശ്വാസത്തിൽ അധിഷ്ഠിതമായ പ്രവൃത്തിയും നമ്മുടെ ജീവിതത്തെ സ്നേഹപൂർവമായ പ്രയത്നങ്ങളിലേക്കു നയിക്കും. കൂടാതെ ഈശോമിശിഹായിലുള്ള ദൃഢപ്രത്യാശയും അതുവഴി സംലഭ്യമാകുന്നു. ഏലിയാ സ്ലീവാ മൂശെക്കാലങ്ങൾ ഈ ദൈവികപുണ്യങ്ങളിൽ ആഴപ്പെടുവാൻ നമ്മെ പ്രചോദിപ്പിക്കുന്നു.

**1. നാം ദൈവശുശ്രൂഷകരാണ്**

സ്രഷ്ടാവും പരിപാലകനുമായ ദൈവസദൃശ്യവും ഛായയും പേറുന്ന മനുഷ്യൻ ഭൂമിയിൽ ദൈവത്തിന്റെ ശുശ്രൂഷ തുടരുവാൻ (വർദ്ധിച്ചുപെരുകുവാനും സംരക്ഷിച്ചു ജീവിക്കുവാനും) നിയുക്തരാണ് എന്ന് സൃഷ്ടിയുടെ വിവരണം വ്യക്തമാക്കുന്നു. ദൈവം ഉത്തരവാദിത്വപ്പെടുത്തിയതു ചെയ്യുക എന്നതാണ് ദൈവശുശ്രൂഷ. ആകയാൽ മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടികർമ്മം ഉത്തരവാദിത്വപൂർണ്ണമായ ജീവൻ നല്കുന്നതുവഴിയും ആ ജീവൻ സമൃദ്ധമായി വളരുന്നതിന് ആവശ്യമായത് ഒരുക്കുന്നതിലൂടെയും തുടരണം. ഇവിടെ ദൈവം സൃഷ്ടിച്ച സർവ്വ ജീവജാലങ്ങളും പ്രപഞ്ചത്തിന്റെ പാരസ്പര്യകതയുമെല്ലാം നിലനിർത്തപ്പെടണം.

പുതിയനിയമത്തിലാകട്ടെ മനുഷ്യാവതാരത്തിലൂടെ ദൈവം രക്ഷാകരമായ ദൗത്യം പൂർത്തിയാക്കി. ഈ ദൗത്യത്തിനായിട്ടാണ് അവിടെ തന്റെ ശിഷ്യഗണത്തെ ലോകത്തിലേക്ക് അയച്ചിരിക്കുന്നത്. ഈശോ തന്റെ രക്ഷാദൗത്യം പൂർത്തിയാക്കിയത് തന്റെ ആത്മബലിയിലൂടെയാണ്. അവിടുത്തെ ശഷ്യഗണത്തിന് ലോകരക്ഷാദൗത്യം തുടരുന്നതിനു മറ്റൊരു മാർഗ്ഗവുമില്ല. അവിടുത്തെ രക്ഷാകര ബലിയാൽ ലോകാവസാനംവരെ മനുഷ്യകുലത്തെ പങ്കാളികളാക്കുവാൻ ഈ ബലിയർപ്പിക്കുക സഭയുടെ ദൗത്യമാണ്. അത് ഈശോ മിശിഹാ ഭരമേല്പിച്ച ശുശ്രൂഷ തുടരുന്നതാണ്, അവിടുത്തെ ശുശ്രൂഷിക്കുന്നതാണ്. പരി. കുർബാനയുടെ ഹുത്താമ്മയിൽ അതു വ്യക്തമാക്കപ്പെടുന്നുണ്ട്. അതോടൊപ്പം വിശ്വാസജീവിതത്തിന്റെ പ്രയോജന തലങ്ങളും ഇതേ ദൈവശുശ്രൂഷയുടെ മേഖലകൾ തന്നെ. സുവിശേഷം അധരംകൊണ്ട് പ്രഘോഷിക്കുന്നതും ആരാധനയിൽ ആഘോഷിച്ചനുഷ്ഠിക്കുന്നതും ജീവിതത്തിൽ സാക്ഷ്യപ്പെടുത്തുന്നതും ഈ ദൈവശുശ്രൂഷയുടെ വിവിധ മുഖങ്ങളാണ്.

2). ഈശോയെ ഉയിർപ്പിച്ചവനും വിമോചകനുമായ ദൈവത്തിന്റെ പുത്രനെ പ്രതീക്ഷിച്ചിരിക്കണം.

ദൈവത്തെ ശുശ്രൂഷിക്കുന്ന സമൂഹം അവിടുത്തെ രക്ഷണീയകൃത്യം പൂർത്തിയാക്കികൊണ്ട് മനുഷ്യകുലത്തിന് പിതൃസന്നിധിയിൽ ഇടമൊരുക്കുകയും അവരെ അവിടേക്ക് കൂട്ടിക്കൊണ്ടുപോകുവാൻ വരുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തവനെ കാത്തിരിക്കുന്നു. നിത്യ വിശ്രമത്തിനും നിത്യാരാധനയ്ക്കും അതുവഴി ദൈവത്തിനു നിത്യശുശ്രൂഷയ്ക്കുമായി അവർ പ്രതീക്ഷാനിർഭരരായി കാത്തിരിക്കുന്നു. സഭ തീർത്ഥാടക സമൂഹമാണെന്നും, സഭ മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെ കാത്തിരിക്കുന്നുവെന്നും പറയുന്നത് ഇതിനാലാണ്. നിത്യവസതിയായ സ്വർഗ്ഗോന്മുഖമായി യാത്ര ചെയ്യുന്ന ദൈവത്തിന്റെ അജഗണമാണ് സഭ.

**വിഗ്രഹങ്ങളിൽനിന്ന് അകലണം**

ദൈവത്തെ ശുശ്രൂഷിക്കുകയും സ്വർഗ്ഗോന്മുഖമായി നീങ്ങുകയും മണവാളനോടൊപ്പമുള്ള മണവറ പ്രവേശനത്തിനായി കാത്തിരിക്കുകയും ചെയ്യുന്നവർ തീർച്ചയായും വിഗ്രഹങ്ങളിൽ നിന്നകലും. ഞാനല്ലാതെ മറ്റൊരു ദൈവം ഉണ്ടാകരുത് എന്ന ദൈവതിരുമനസ്സിന് വിഘാതമായി മറ്റൊന്നിനെയും മറ്റൊരാളെയും ദൈവധ്വനിയായി പ്രതിഷ്ഠിക്കാൻ പാടില്ല. സമ്പത്തോ, സ്ഥാനമാനങ്ങളോ, അന്യദേവന്മാരോ എന്തും ജീവിതത്തിന്റെ പ്രഥമ സ്ഥാനീയമാകുമ്പോൾ അവിടെ ദൈവം നിഷ്കാസിതനാകുന്നു എന്നതാണ് വിഗ്രഹാരാധന.









# “തന്റെ കുരിശിനാൽ സ്വർഗ്ഗത്തെയും ഭൂമിയെയും അനുരഞ്ജിപ്പിച്ചവന് സ്തുതി”

**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ജനിമൃതികൾക്കിടയിൽ അടർന്നുവീഴുന്ന ദളങ്ങളാണ് മനുഷ്യന്റെ ഈ ലോകജീവിതം. ജനിച്ച ഒരു മനുഷ്യവ്യക്തിക്ക് ഈ ലോകത്തിൽ ഉറപ്പുള്ള ഒരേയൊരു കാര്യം മരണമാണ്. എന്നാൽ മനുഷ്യൻ ഏറ്റവും മറക്കുന്നതും ഓർക്കാൻ ഇഷ്ടപ്പെടാത്തതും മരണമെന്ന യാഥാർത്ഥ്യത്തെയാണ്. നമ്മുടെ അമ്മയായ സഭ ഏലിയാ-സ്ലീവാ-മൂശെക്കാലത്തിലൂടെ നമ്മെ ക്ഷണിക്കുന്നത് നമ്മുടെ മരണത്തെയും നാം നേരിടേണ്ട അന്ത്യവിധിയെയും ഓർക്കുവാനും ധ്യാനിക്കുവാനുമാണ്.

മരണം മനുഷ്യന്റെ അന്ത്യമല്ല; അത് നിത്യജീവനിലേക്കുള്ള വാതിൽ ആണ്. ഈശോയുടെ മരണം മരണത്തെ പരാജയപ്പെടുത്തി, നിത്യജീവന്റെ പാത തുറന്നുതന്നു. കർത്താവിന്റെ കുരിശിന്റെ വിജയം നാം പ്രത്യേകമായി ധ്യാനിക്കുമ്പോൾ മാർ അപ്രേമിന്റെ ചിന്തകൾ നമ്മെ ധന്യരാക്കുന്നു!! കാരുണ്യത്തിന്റെ ഹേതു കുരിശുമരണമാണ്. കാരണം, തന്റെ കുരിശാൽ കുരിശിന്റെ ശിക്ഷാവിധി അവർ നീക്കിക്കളഞ്ഞു” (ക്രൂശാരോഹണ ഗീതങ്ങൾ 5,3). “എല്ലാവരുടെയുംമേൽ മർതൃതയുടെ മണമടിച്ച മരണത്തിന്റെ സ്ഥാനത്ത്, എല്ലാവർക്കും ജീവൻ നൽകുന്നവൻ പാതാളത്തിൽ ഒരു ജീവദായകഗന്ധമൂതി. മരിച്ചവർ അവന്റെ ജീവനിൽനിന്ന് നവജീവൻ ശ്വസിച്ചു; അവരിൽ മരണം മരണമടഞ്ഞു” (നിസിബിയൻ ഗീതങ്ങൾ 50,10).

തന്റെ കുരിശുമരണത്തിലൂടെ ഈശോ നമുക്ക് നവജീവൻ നേടിത്തന്നത് ഇഹത്തിലും പരത്തിലും നാം അവിടുത്തേക്കായി ജീവിക്കാനാണ്. ഈ ജീവിതത്തിൽ ദൈവം തന്ന ‘ഈ

സമയത്തെ' നല്ലതും ഫലദായകവുമായ പ്രവൃത്തികൾവഴി ധന്യമാക്കുക. മറ്റു വാക്കുകളിൽ ദൈവഹിതാനുസൃതം ജീവിതത്തെ ക്രമപ്പെടുത്തുകയാണ് നമ്മുടെ ദൗത്യം.

വരാനിരിക്കുന്ന ലോകത്തിന്റെ മഹത്ത്വം മറന്ന് ഈ ലോകത്തിന്റെ വ്യാപാരങ്ങളിൽ മുഴുകി ജീവിക്കുന്ന ഇന്നത്തെ മനുഷ്യകുലത്തോട് മാർ അപ്രേം ചോദിക്കുന്ന ചോദ്യം എക്കാലത്തും പ്രസക്തമാണ്. "തന്റെ ആത്മാവിനെക്കാൾ കൂടുതലായി ഭൗമിക കാര്യങ്ങളിൽ ശ്രദ്ധിക്കുന്ന മനുഷ്യനെക്കാൾ ഭോഷനായി ആരുണ്ട്? തന്റെ പെട്ടിയിലെ വസ്ത്രങ്ങൾ അവൻ അനുദിനം പരിശോധിക്കുന്നു; എന്നാൽ ഒരദൃശ്യകീടം അവന്റെ അവയവങ്ങളിൽ കുടികൊള്ളുന്നു. വസ്ത്രത്തിലെ കീറൽ അവൻ തുന്നിച്ചേർക്കുന്നു. എന്നാൽ തന്റെ മനസ്സിലെ കീറൽ നിലനിൽക്കുന്നു. അവൻ തന്റെ വീട് പ്രകാശിപ്പിക്കുന്നു, എന്നാൽ അവന്റെ ഹൃദയം ഇരുട്ടിൽ കഴിയുന്നു. അവൻ തന്റെ ഇന്ദ്രിയങ്ങളെ അടച്ചുവയ്ക്കുകയും ജനലുകൾ തുറക്കുകയും ചെയ്യുന്നു. അവൻ വാതിലടച്ച് പണം കാത്തുസൂക്ഷിക്കുന്നു. എന്നാൽ അവന്റെ വായ് തുറന്നിരിക്കുന്നു. അവന്റെ ആത്മാവിന്റെ നിക്ഷേപം മോഷ്ടിക്കപ്പെടുകയും ചെയ്യുന്നു.


ഭോഷൻ തന്നെക്കാൾ കൂടുതലായി തന്റെ വളർത്തുമൃഗത്തെ ബഹുമാനിക്കുന്നു. കാരണം, തന്റെ ആത്മാവിനെക്കാൾ തന്റെ സമ്പാദ്യത്തിൽ അവൻ ശ്രദ്ധിക്കുന്നു. അവൻ വയലിൽ നല്ല വിത്തു വിതയ്ക്കുന്നു; തന്റെ ഹൃദയത്തിൽ കള വിതയ്ക്കുന്നു. അവൻ തന്റെ മനസ്സു തുറന്ന് ആക്ഷേപ പാത്രമാക്കുന്നു" (നിസിബിയൻ ഗീതങ്ങൾ 40, 5-6).

നമുക്ക് ഈലോകത്തിൽ ഭോഷരാകാതിരിക്കാം; കറയറ്റ ദൈവമക്കളായി വ്യാപരിച്ച് ധൈര്യത്തോടെ അന്ത്യവിധിയെ നേരിടാൻ തക്കവിധം ദൈവത്തിന് നമ്മുടെ ജീവിതത്തെ സമർപ്പിക്കാം. ഈ ലോകത്തിൽ ദൈവത്തിന്റെ കരുണയും അന്ത്യവിധിയിൽ അവിടുത്തെ നീതിയും നമ്മുടെ ജീവിതങ്ങളെ കൂടുതൽ വിശുദ്ധീകരിക്കാൻ നമ്മോട് ആവശ്യപ്പെടുന്നുണ്ട്. ദൈവത്തിന്റെ കരുണ ഇടതടവില്ലാതെ ഒഴുക്കി പാപങ്ങളിൽനിന്ന് നമ്മെ ശുദ്ധീകരിച്ച് കൃപ സ്വീകരിക്കാൻ ദൈവം എപ്പോഴും അനുവദിക്കും; ഒപ്പം നമ്മുടെ സ്വതന്ത്രമനസ്സിന്റെ തെരഞ്ഞെടുപ്പുവഴി, നമ്മുടെ ചെയ്തികൾക്കനുസൃതം അവിടുത്തെ നീതി നമ്മെ വിധിക്കും. ദൈവത്തിന്റെ കരുണയെയും നീതിയേയും കുറിച്ച് മാർ അപ്രേം വിവരിക്കുന്നു: "അവന്റെ കൃപ കരുണാർദ്രമാണ്. ഒരു പോറ്റമ്മയെപ്പോലെ അത് മരുന്നുകൾ വഹിക്കുന്നു. അവന്റെ നീതി വിവേകപൂർവമാണ്. വളർത്തമ്മയെപ്പോലെ അത് ദയോപകരണം വഹിക്കുന്നു. അവന്റെ കൃപയുടെ കരം സകലർക്കും പ്രശാന്തമാണ്. അമ്മയെപ്പോലെ അത് എല്ലാ മുറിവുകളും വച്ചുകെട്ടുന്നു. അവന്റെ നീതിയുടെ കരം എല്ലാവർക്കും കഠിനമാണ്. വൈദ്യനെപ്പോലെ അത് എല്ലാ മുറിവുകളും തുന്നിച്ചേർക്കുന്നു" (പെസഹാഗീതങ്ങൾ 20,16-19).

കർത്താവിന്റെ കരുണക്കടലിൽ നമ്മുടെ പാപക്കറകൾ മായിച്ചുകളയാം. "എല്ലാ സഹായങ്ങളും വിട്ടുപോകാൻ ഇടയാക്കുന്ന അലസതയു ഗർവിലേക്കു നയിക്കുന്ന അഹന്തയും ക്രോധത്തിൽ എത്തിക്കുന്ന വിക്ഷോഭവും സർവനാശത്തിന്റെ ഇരിപ്പിടമായ അസൂയയും" നമ്മുടെ ജീവിതത്തെ സ്പർശിക്കാതിരിക്കട്ടെ. സ്നേഹവും ക്ഷമയുമാണ് ലോകത്തെ കീഴടക്കാനുള്ള ഏറ്റവും വലിയ ആയുധമെന്ന് നമ്മുടെ മനസ്സ് അറിഞ്ഞ് ബോദ്ധ്യപ്പെടട്ടെ. മഹത്ത്വീകരിക്കപ്പെട്ട സ്ലീവാ നമ്മുടെ ആത്മാവിലും ശരീരത്തിലും നാം അടയാളപ്പെടുത്തുമ്പോൾ ത്യാഗത്തിലൂടെ നമ്മെ ഉയർത്തിയ മിശിഹായുടെ ശക്തിയാൽ നമുക്ക് നിറയാം. ഈ ലോകം കൊണ്ട് അവസാനിക്കാനല്ല, നിത്യജീവന്റെ മകുടം ചൂടാനാണ് നമ്മുടെ വിളി എന്ന സത്യം നമ്മുടെ ജീവിതംകൊണ്ട് പ്രഘോഷിക്കാം. നമ്മോടുള്ള സ്നേഹത്താൽ കുരിശുമരത്തിന് തന്റെ മഹാശക്തി വിധേയമാക്കിയ നമ്മുടെ രക്ഷകനായ മിശിഹാ നമ്മുടെ ജീവിതകുരിശുകളെയും മഹത്ത്വത്തിന്റെ മാർഗ്ഗമാക്കട്ടെ.







# ഒരു കുടയും ഒരു പൊതിച്ചോറും

**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത

മഹാരാഷ്ട്രയിലെ പൻവേൽ റെയിൽവേ സ്റ്റേഷൻ. നാട്ടിലേക്കുള്ള നേത്രാവതി എക്സ്പ്രസ് വരുന്നതും കാത്തുനിൽക്കുന്ന മലയാളികൾ. പ്ലാറ്റ്ഫോമിന് പകുതിവരെയേ മേൽക്കൂരയൊള്ളു. പകുതിയോളം ഭാഗം മേൽക്കൂര പണിയാത്ത സ്ഥലമാണ്. നല്ല മഴക്കാലമായതുകൊണ്ടും മഴ ചെറുതായി പെയ്തുകഴിഞ്ഞ സമയമായതുകൊണ്ടും ആളുകൾ മുഴുവൻ മേൽക്കൂരയുള്ള ഭാഗത്ത് വന്നുകൂടി നിൽക്കുകയാണ്. ട്രെയിൻ വരുന്നു എന്ന് അറിയിപ്പ് കിട്ടുമ്പോൾ പോയാൽ മതിയല്ലോ!


പെട്ടെന്ന് അവിടേക്ക് ഒരു ചേട്ടനും ചേച്ചിയും കടന്നുവന്നു. ഏകദേശം 60 വയസ്സ് തോന്നിക്കും രണ്ടുപേരെയും കണ്ടാൽ. ചേട്ടന്റെ കൈയിൽ ഉരുട്ടുന്ന ഒരു പെട്ടി, ചേട്ടത്തിയുടെ കൈയിൽ എടുത്താൽ പൊങ്ങാത്ത ഒരു കെട്ട്. ചേട്ടൻ ചേട്ടത്തിയോട് പറയുന്നുണ്ട് 'നിന്റെ നാക്ക് കരിനാക്കാ, പറഞ്ഞതുപോലെ തന്നെ സംഭവിച്ചു'. ഉടനെ ചേട്ടത്തിയുടെ മറുപടിയും വന്നു. 'ഞാനെന്നാ ചെയ്യാനാ മനുഷ്യാ കംപാർട്ടുമെന്റ് പുറകിൽ വന്നതിന് എന്നെ പറയുന്നതെന്തിന്? വീട്ടിൽനിന്നും പോരുമ്പോൾ ചേട്ടത്തി പറഞ്ഞിരുന്നത്രേ, മിക്കവാറും അവർക്ക് കയറേണ്ട കംപാർട്ടുമെന്റ് പുറകിലായിരിക്കുമെന്ന്. അതേ ചൊല്ലിയാണ് വഴക്ക്. കംപാർട്ടുമെന്റ് പുറകിലായതുകൊണ്ട് ട്രെയിൻ വരുന്ന സമയത്ത് മഴ പെയ്താൽ നനയും. അതാണ് ചേട്ടന്റെ പരിഭവം. ചേട്ടത്തിയുമായി വഴക്കിട്ട ചേട്ടൻ തന്റെ കൈയിലെ പെട്ടിയും ഉരുട്ടി പോവുകയാണ്. ചേട്ടത്തി വിളിച്ച് പറയുന്നുണ്ട്: 'എടോ മനുഷ്യാ, ട്രെയിൻ

വരുമ്പോൾ പോകാം, അല്ലെങ്കിൽ മഴ വന്നാൽ നനയും'. അന്നാണ് എനിക്ക് ഒരു കാര്യം മസ്സിലായത്. ഭർത്താക്കന്മാർ 60 കഴിഞ്ഞാൽ 'മനുഷ്യരാകും'. കല്യാണം കഴിഞ്ഞയുടൻ ചേട്ടായെന്ന് തികച്ചു വിളിക്കാത്തവർ കുറെ കഴിയുമ്പോൾ എടോ, പോടോ, മനുഷ്യാ എന്നൊക്കെ വിളിക്കുന്നത് കേൾക്കാം.

അയാൾ ഇങ്ങനെ പോകുമ്പോൾ പെട്ടെന്ന് ഒരു മഴ. നമ്മുടെ ചേട്ടത്തി എടുത്താൽ പൊങ്ങാത്ത ഈ കെട്ടും എടുത്ത് ചേട്ടന്റെ പുറകെ... പാവം നടക്കുകയല്ല ഓടുകയാണ്. അല്ലെങ്കിലും പാവം സ്ത്രീകൾക്ക് നടത്തം വിധിച്ചിട്ടില്ലല്ലോ. അവർ ഓടുകയാണ്.... ഈ സമയം ട്രെയിൻ വരുന്നു എന്ന അറിയിപ്പ് വന്നു. അപ്പോഴും മഴ തകർത്ത് പെയ്യുന്നുണ്ട്. നനയുകയാണെങ്കിലും എല്ലാവരും അവരവരുടെ കംപാർട്ടുമെന്റ് വരുന്ന ഭാഗത്തേക്ക് നീങ്ങി. എനിക്കു കയറേണ്ട കംപാർട്ടുമെന്റും പുറകിലാണ്. ചെല്ലുമ്പോൾ കാണുന്ന കാഴ്ച, നമ്മുടെ ചേട്ടനും ചേച്ചിയും ഒരു കുടക്കീഴിൽ നിൽക്കുന്നു. ഉരുട്ടുന്ന പെട്ടിയും, എടുത്താൽ പൊങ്ങാത്ത കെട്ടും നനയുന്നുണ്ട്. പക്ഷേ ചേട്ടത്തിയെ നനയാതെ ചേട്ടൻ ചേർത്ത് പിടിച്ചിരിക്കുന്നു. അല്പം മുമ്പ് കലഹിച്ചവരാണോ ഇവർ എന്ന് തോന്നുകപോലും ഇല്ല. ഇതാണ് ദാമ്പത്യസ്നേഹം, അല്ലെങ്കിൽ ആയിരിക്കേണ്ടത്. പെട്ടിയും, കെട്ടും, സമ്പാദ്യവും നനഞ്ഞുപോയാലും സ്നേഹം നനഞ്ഞ് ഇല്ലാതാകരുത്. ട്രെയിനിൽ ഇവരെ ഞാൻ വീണ്ടും കണ്ടു. നമ്മുടെ ചേട്ടനും ചേച്ചിയും ഒരു പൊതിയിൽനിന്നും പങ്കുവച്ചു ഭക്ഷിക്കുന്നു.

വഴക്കും, കലഹങ്ങളും, വാശിയും, തെറ്റിദ്ധാരണകളും ജീവിതയാത്രയിൽ സ്വാഭാവികം. അതൊക്കെ ഒരു മഴയിൽ അലിഞ്ഞ് ഇല്ലാതാകേണ്ടതാണ്. അതുകൊണ്ട് മഴക്കാലത്ത് പുറത്തിറങ്ങുമ്പോൾ ദമ്പതികൾ ഒരു കുടയേ എടുക്കാവൂ. ഇടിയുംവെട്ടി മഴ വരണേ എന്ന് അവർ പ്രാർത്ഥിക്കണം. അങ്ങനെ ആ മഴയത്ത് പരസ്പരം ചേർത്തുപിടിച്ച് ഒരു കുടക്കീഴിൽ യാത്ര ചെയ്യുന്ന ദമ്പതികൾ എത്ര ഭാഗ്യമുള്ളവർ. ഒരു കുടയും ഒരു പൊതിച്ചോറും നമ്മെ ഓർമ്മിപ്പിക്കുന്നു. ദാമ്പത്യം സ്നേഹിക്കാനുള്ളതാണ് തല്ലി പിരിയാനോ, തല്ലി പിരിക്കാനോ ഉള്ളതല്ല.

*(ഷിബു പുളിക്കലച്ചന്റെ പ്രസിദ്ധീകരിക്കാൻ തയ്യാറായിക്കൊണ്ടിരിക്കുന്ന 'ജറീക്കോയിലേക്കുള്ള വഴി' എന്ന പുസ്തകത്തിൽനിന്ന്)*

## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates,**
**Spirituality Centre, Manganam P.O.,**
**Kottayam - 686 018, Ph: 0481-2578192**







**വിശുദ്ധരോടൊപ്പം**

# ധന്യമീജീവിതം

## വി. ജോൺ നെപുംസ്യാനോസ്



**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"വല്യാന്റീ..ദേ...ഒരു വിശുദ്ധൻ, പൂമൊട്ടുകളിലെഴുതാം. പേര് ഇത്തിരി കട്ടിയാ. ഈ പ്രാവശ്യം ഈ വിശുദ്ധനെപ്പറ്റി എഴുതിയാൽ മതി കേട്ടോ..."

ഏലിയാ - സ്ലീവാ - മൂശെക്കാലത്ത് വല്യാന്റിക്ക് എഴുതാൻവേണ്ടി ഞാൻ സൂക്ഷിച്ചുവച്ചതാ ഈ സപ്ലിമെന്റ്... ഈ വിശുദ്ധനുണ്ടല്ലോ."

വീട്ടിൽ ചെന്നപ്പോൾ കൃപാമോൾ കുമരകം വടക്കുംകര പള്ളിയിലെ തിരുനാൾ സപ്ലിമെന്റ്(സ്നേഹദൂത്) കാണിച്ച് വാചാലയായപ്പോൾ അമ്മച്ചി പറഞ്ഞു... മോളുറക്കെ വായിക്ക്, എല്ലാവരും കേൾക്കട്ടെ...

കൃപാമോൾ വായന തുടങ്ങി... വി. ജോൺ നെപുംസ്യാനോസ് "കുമ്പസാരരഹസ്യങ്ങളുടെ കാവൽക്കാരൻ"

മോളാവർത്തിച്ചു വായിച്ചു..... കുമ്പസാര രഹസ്യങ്ങളുടെ കാവൽക്കാരൻ.

സന്ധ്യാപ്രാർത്ഥന കഴിഞ്ഞുള്ള സമയമാണ്, എല്ലാവരും കാതു കൂർപ്പിച്ചു.

എ.ഡി. 1340-ൽ ചെക്കോസ്ലോവാക്യയിലെ ബൊഹിമിയായിലായിരുന്നു വി. ജോണിന്റെ ജനനം. പരിശുദ്ധ മറിയത്തോടുള്ള അഗാധഭക്തിയിൽ ജന്മനാ ഉണ്ടായിരുന്ന രോഗത്തിൽനിന്ന് വിമുക്തനായ ജോൺ പിന്നീട് ദൈവികവഴികളിലൂടെയാണ് തന്റെ യാത്ര തുടർന്നത്. പ്രേഗ്യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദമെടുത്ത് ജോൺ വൈദികനായി. അതിരൂപതയിൽ നിരവധി സ്ഥാനങ്ങൾ അലങ്കരിച്ച അദ്ദേഹം 1393-ൽ പ്രേഗ് അതിരൂപതയുടെ വികാരി ജനറാളായി. ശാന്തനും പണ്ഡിതനുമായ ജോണിന്റെ പ്രസംഗം വളരെ പ്രസിദ്ധമായിരുന്നു. അനേകരെ മാനസാന്തരത്തിലേക്ക് നയിച്ച പ്രസംഗങ്ങളായിരുന്നു അവ.

എ.ഡി. 1376-ൽ വെഞ്ചസ്ലാവൂസ് IV ബൊഹിമിയായിലെ രാജാവായി അധികാരമേറ്റു. രാജാവിന്റെ നോമ്പുകാല പ്രസംഗത്തിന് ജോണിനെ അദ്ദേഹം ക്ഷണിക്കുമായിരുന്നു. നിരവധി ഭൗതിക സ്ഥാനമാനങ്ങൾ നൽകാമെന്ന രാജാവിന്റെ വാഗ്ദാനങ്ങൾക്കു വിലകൊടുക്കാതെ വൈദികന്റെ സ്ഥാനത്തിനു ചേർന്ന രാജകുടുംബാംഗങ്ങളുടെ കമ്പസാരക്കാരനാകാമെന്ന് സമ്മതിച്ചു.

ബവേരിയായിലെ രാജാവായിരുന്ന ആൽബർട്ടിന്റെ മകൾ ജോഹന്നയായിരുന്നു

ബെഞ്ചസ്ലാവൂസ് രാജാവിന്റെ പത്നി. ഭാര്യയെ അഗാധമായി സ്നേഹിച്ചിരുന്നുവെങ്കിലും അവളുടെ ചാരിത്രശുദ്ധിയിൽ സംശയാലുവായിരുന്ന രാജാവ് കുമ്പസാരക്കാരനായിരുന്ന ജോണച്ചനോട് കുമ്പസാര രഹസ്യം വെളിപ്പെടുത്തുവാൻ ആവശ്യപ്പെട്ടു. നിരവധി സ്ഥാനമാനങ്ങൾ, പ്രലോഭനങ്ങൾ എല്ലാം നല്കിയെങ്കിലും ജോണച്ചൻ കുമ്പസാരരഹസ്യം വെളിപ്പെടുത്തുവാൻ തയ്യാറായില്ല. കോപാകുലനായ രാജാവ് ജോണച്ചനെ ജയിലിലടച്ച് ക്രൂരമായ പീഡനങ്ങൾക്ക് വിധേയമാക്കി. ശരീരത്തിന്റെ ഒരുവശം മുഴുവൻ ചൂടുവെള്ളത്തിൽ മുക്കി പൊള്ളിച്ചു. എന്നിട്ടും വഴങ്ങാതിരുന്ന ആ വിശുദ്ധാത്മാവിന്റെ കൈകാലുകൾ ബന്ധിച്ച് ഒരു തടിക്കഷണം വായിൽ തിരുകി 1939 മാർച്ച് 20ന് മുൾഡാ നദിയിലേക്ക് വലിച്ചെറിഞ്ഞു. നദിയിലൂടെ ഒഴുകിയ ജോണച്ചന്റെ മൃതശരീരത്തിൽ അലൗകികമായ പ്രഭ ദർശിച്ച ക്രിസ്ത്യാനികൾ മൃതശരീരം ഭക്തിപൂർവം പ്രേഗ് അതിരൂപതാ കത്തീഡ്രലിൽ സംസ്കരിച്ചു. നാമകരണ നടപടികളുടെ ഭാഗമായി മരിച്ചുകഴിഞ്ഞ് 336 വർഷങ്ങൾക്കുശേഷം വിശുദ്ധന്റെ കല്ലറ തുറന്നപ്പോൾ കുമ്പസാരരഹസ്യം കാത്തുസൂക്ഷിച്ച ആ നാവ് യാതൊരു കേടും കൂടാതെ നിലനിൽക്കുന്ന സംഭവം എല്ലാവരിലും ഭക്തിയും അത്ഭുതവും ഉളവാക്കി.

വിശുദ്ധ ജോൺ നെപുംസ്യാനോസിന്റെ തിരുനാൾ മേയ്മാസം 16-ാം തീയതി ആചരിക്കുവാൻ കത്തോലിക്കാസഭ തീരുമാനിച്ചു. വായന കഴിഞ്ഞപ്പോൾ അമ്മച്ചിയുടെയും കൊച്ചുമകളുടെയും കണ്ണുകൾ സജലങ്ങളായിരുന്നു.

"നമ്മളാരെങ്കിലും മനസ്സിലാക്കുന്നുണ്ടോ കുമ്പസാരക്കൂട്ടിലിരിക്കുന്ന വൈദികന്റെ മഹത്ത്വം. കുമ്പസാര രഹസ്യം കാത്തുസൂക്ഷിക്കാൻ കർത്താവ് അവർക്കു നൽകിയ കൃപയും ഈ വിശുദ്ധ കൂദാശയുടെ വിശുദ്ധി കാത്തുസൂക്ഷിക്കാൻ രക്തസാക്ഷിത്വം വരിച്ച എത്രയോ വിശുദ്ധരായ വൈദികർ... നമ്മളാരും അവരെ മനസ്സിലാക്കുന്നില്ലല്ലോ. നമ്മുടെ ഓണംകുളത്തച്ചൻ ജയിലിൽ കിടന്ന് അനുഭവിച്ച പാടുപീഡകളൊന്നും മറക്കാൻ പറ്റില്ലല്ലോ."

അമ്മച്ചി ഇതെത്രാമത്തെ പ്രാവശ്യമാ ബനഡിക്റ്റ് അച്ചന്റെ കാര്യം പറയുന്നത്. കൊച്ചുമകളുടെ കമന്റ് വകവയ്ക്കാതെ അമ്മച്ചി ബനഡിക്ട് ഓണംകുളത്തച്ചന്റെ ജീവിതം ഒരിക്കൽകൂടി ആവർത്തിച്ചപ്പോൾ മനസ്സു ചെന്നെത്തിയത് ഏലിയാ-സ്ലീവാ-മൂശെക്കാലത്തെ ഓനീസാ ദ്സപ്രായിലാണ്.

സത്കർമ്മങ്ങളനുഷ്ഠിക്കിൽ
നിത്യായുസ്സിൻ രാജ്യത്തിൽ
അവകാശങ്ങൾ നിർലോപം
നല്കും നാഥൻ നിങ്ങൾക്കായ്
(ശനി സപ്രാ)


## Spirituality Centre Programme

**October**

| | |
|---|---|
| 2-4 | Youth Programme |
| 10-12 | Cool of Time |
| 14-15 | Cenacle Gathering - Sodales |
| 18 | Recollection |
| 18-19 | School of Bible |
| 21-22 | Cenacle Gathering - Aspirants |







# കാഴ്ച

ഫിലോ കുറ്റിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

കഴിഞ്ഞദിവസം മന്ദിരത്തിനടുത്ത് റോഡിൽ വെള്ളപ്പൊക്കമുണ്ടായി. ഒപ്പം ഒരു ശവവും പൊങ്ങിവന്നു. കേട്ടവർ കേട്ടവർ അങ്ങോട്ടേക്ക്... അല്പസമയത്തിനുള്ളിൽ അവിടെ വലിയൊരു ആൾക്കൂട്ടം! ഓട്ടോ റിക്ഷക്കാർ ഓട്ടം നിർത്തി, അവിടെ വന്നു കിടക്കുന്നു... കടന്നുപോകുന്ന വാഹനങ്ങളിൽനിന്നെല്ലാം ആൾക്കാർ ഇറങ്ങി കാണാൻ പോകുന്നു. അങ്ങനെ ആകെ ബഹളം! അപ്പോൾ എന്റെ മനസ്സിൽ ചോദ്യങ്ങളുയർന്നു. മരിക്കുന്നതിനു മുൻപ് ആ മനുഷ്യനെ കാണാൻ ആരെങ്കിലും തുനിഞ്ഞോ? ആത്മഹത്യയോ കൊലപാതകമോ? എന്തുകൊണ്ട്? നമ്മുടെ സമൂഹത്തിൽ കണ്ടുവരുന്ന വലിയ തിന്മയുടെ മറ്റൊരു മുഖമല്ലേ ഇത്! പണ്ട് ചെറിയ ക്ലാസ്സിൽ പഠിച്ച ഒരു കാര്യം ഓർമ്മ വരുന്നു. മരിച്ചയാളെ സംസ്കരിക്കാനായി പലരും എത്തിച്ചേർന്നു. കർമ്മങ്ങൾ നടത്തേണ്ട പൂജാരിയും എത്തി. കർമ്മങ്ങൾ നടത്താനായി പൂജാരി ഉരി അരി വീട്ടുകാരോട് ആവശ്യപ്പെടുന്നു. അപ്പോൾ മരിച്ച വ്യക്തിയുടെ ഭാര്യ പറയുകയാണ് "ഒരു പിടി അരിയുണ്ടായിരുന്നെങ്കിൽ ഈ മനുഷ്യൻ മരിക്കില്ലായിരുന്നു" എന്ന്.

നാമും പലപ്പോഴും ഇങ്ങനെ അല്ലേ? അയൽപക്കത്തെ ആരെങ്കിലും അസുഖമായി കിടന്നാൽ നാമാരും അധികമങ്ങോട്ടു പോകാറില്ല. കാരണം അവന് എന്തെങ്കിലും ആവശ്യമുണ്ടായെങ്കിലോ, സാമ്പത്തികമായി സഹായിക്കേണ്ടി വന്നെങ്കിലോ എന്ന ഭയം നമ്മെ അലട്ടുന്നു. മരിച്ചെന്നു കേട്ടാൽ എല്ലാവരും ഓടിയെത്തും. എന്തിന് അയൽക്കാർ; നമ്മുടെ മാതാപിതാക്കളോ സഹോദരങ്ങളോ പോലും അസുഖമായി കിടന്നാൽ നാം അങ്ങനെ ചെയ്യാറില്ലേ? അമ്മയ്ക്കു മരുന്നു മേടിക്കാൻ പൈസ കൊടുക്കേണ്ടി വന്നെങ്കിലോ എന്നു കരുതി മാറി നടക്കുന്ന പല മക്കളേയും കാണാനിടയായിട്ടുണ്ട്. കടം കേറി വീട്ടാൻ നിവൃത്തിയില്ലാത്തതിന്റെ പേരിൽ കുടുംബാംഗങ്ങൾ ഒന്നിച്ച് ആത്മഹത്യ ചെയ്ത സംഭവങ്ങൾ പത്രവാർത്തകളിൽ നിറഞ്ഞുനിൽക്കാറില്ലേ? ചിലപ്പോൾ നമ്മുടെ ഒരു സാന്നിദ്ധ്യമോ സ്നേഹമോ സഹായമോ അവരെ ജീവനിലേക്കു തിരിച്ചു കൊണ്ടുവന്നേക്കാം. ആത്മഹത്യ ചെയ്യാൻ ഇറങ്ങിത്തിരിച്ച ഒരു വ്യക്തിക്ക് ഒരു ഫോൺകോൾ ജീവനിലേക്കു തിരിച്ചുവരാൻ പ്രേരണ നൽകിയ സംഭവവും നാം വായിച്ചിട്ടുണ്ടല്ലോ.

മരിച്ച വാർത്ത കേൾക്കുമ്പോൾ ഓടിക്കൂടാനും മരിച്ചവരെ ആഘോഷമായി സംസ്കരിക്കാനും മാത്രം ഒതുങ്ങാതെ ജീവിച്ചിരിക്കുമ്പോൾ അവർക്കുവേണ്ടി എന്തു ചെയ്യാൻ സാധിക്കും എന്നു ചിന്തിക്കാം. നമ്മുടെ ഒരു പുഞ്ചിരിയോ സ്നേഹത്തോടെയുള്ള ഒരു വാക്കോ അവർക്ക് ജീവൻ നൽകിയേക്കാം.

## വിശുദ്ധരുടെ ചാർട്ട് തയ്യാറാക്കുകയാണ് കൊച്ചു ജോണി. പക്ഷേ അവന് ഒന്നും കൃത്യമായി ചേർത്തുവയ്ക്കാൻ കഴിയുന്നില്ല.

ചുവടെ കാണുന്ന ചിത്രങ്ങളിലെ വിശുദ്ധരെ തിരിച്ചറിഞ്ഞ് ചിതറിക്കിടക്കുന്ന വിശേഷണങ്ങൾ ഏതു വിശുദ്ധരുടേതെന്നു കണ്ടുപിടിക്കാൻ ജോണിയെ സഹായിക്കാമോ? നമ്പറിനു നേരെ വിശുദ്ധുടെ പേരെഴുതി കൃത്യമായ വിവരങ്ങളും ചേർത്തുവേണം അയയ്ക്കാൻ കേട്ടോ

1



2



3



4



5



6



7



8







- കത്തോലിക്കാസഭയുടെ ചരിത്രത്തിൽ ആദ്യമായി പഞ്ചക്ഷതം ലഭിച്ച വിശുദ്ധൻ
- ജനനം -1910 ഓഗസ്റ്റ് 19
- ഏറ്റം പ്രായം കുറഞ്ഞ വേദപാരംഗത
- കുഞ്ഞാട് എന്നാണ് പേരിന്റെ അർത്ഥം
- "നിങ്ങളുടെ വാളും എന്റെ രക്തംകൊണ്ട് മലിനമാക്കുക. പക്ഷേ എന്റെ ശരീരം ഈശോയ്ക്കു മാത്രമുള്ളതാണ്. അത് മലിനമാക്കാൻ നിങ്ങൾക്ക് ആവില്ല"- തന്റെ ഘാതകരോടു പറഞ്ഞ വാക്കുകൾ
- ചാരിത്ര്യം കാത്തുസൂക്ഷിക്കാൻ രക്തസാക്ഷിത്വം വരിച്ച ഈ വിശുദ്ധയെ 12-ാം പീയൂസ് പാപ്പാ വിശുദ്ധ പദവിയിലേക്കുയർത്തി.
- യുവാക്കളുടെ മദ്ധ്യസ്ഥൻ
- തിരുനാൾ മെയ് 6
- ആദ്യമായി പുൽക്കൂട് നിർമ്മിച്ച വിശുദ്ധൻ
- സമാധാനത്തിന്റെ വിശുദ്ധൻ
- തിരുനാൾ ജനുവരി 21
- വിശുദ്ധപദ പ്രഖ്യാപനത്തിൽ സ്വന്തം അമ്മ സന്നിഹിതയായിരുന്നു.
- "ഞാനും അവനോടു ക്ഷമിക്കുന്നു. ഒരുദിവസം സ്വർഗത്തിലേക്കു വരാനും എന്നോടുകൂടി സ്വർഗത്തിലാകാനും ആഗ്രഹിക്കുന്നു".
- 1842 ഏപ്രിൽ 2-1857 മാർച്ച് 9
- 1890 ഒക്ടോബർ 16-1902 ജൂലൈ 6
- പതിനഞ്ചു വയസ്സിനു മുമ്പ് മഠത്തിൽ ചേരാനുള്ള അനുമതി ലഭിക്കുന്നതിനായി മാർപാപ്പായെ പോയി കാണാൻ തയ്യാറായി.
- സലേഷ്യൻ സഭയുടെ സ്ഥാപകൻ
- മരണം 1946 ജൂലൈ 28
- ഭാരതത്തിലെ പ്രഥമ വിശുദ്ധ
- തിരുനാൾ ആഗസ്റ്റ് 11
- പ്രകാശം എന്നാണ് ഈ പദത്തിന്റെ അർത്ഥം
- വി. ഫ്രാൻസിസ് അസ്സീസിയുടെ സമകാലിക

**(തയ്യാറാക്കിയത്: സ്റ്റെഫി സ്റ്റീഫൻ മംഗലത്തുകുന്നേൽ)**

കഴിഞ്ഞ മത്സരത്തിലെ സമ്മാനത്തിനർഹൻ
ആൻഡ്രൂസ് ടോം മാടപ്പിള്ളിൽ, അളനാട്, പ്രവിത്താനം

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - സെപ്റ്റംബർ 30).
**അയയ്ക്കേണ്ട വിലാസം:**പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018



# YOUTH WITH A VISION

**Br. Naveen Plackalil**
Thomasleeha Pilgrim Centre, Niranam

### “Your young men shall see visions” Joel 2:28

This is the golden prophecy of Joel about youngsters who would be transformed at the outpouring of the Holy Spirit. In this new era, as everyone is in the run race for progress and prosperity, dear friends let us pause and think for a while. In the Holy Church, we have much sources for receiving “the out pouring of the Holy Spirit”. But a sincere question to the heart: Do I see good visions through the inspiration of the Holy Spirit? As a Christian of this charismatic world why does my vision seem so blurred?



The spiritual vision of the youth and their conviction are like lanterns that would lead the Church to future. A youth’s vision on himself, the family, the society, the Church and the nation determines his christian identity. We know very well on how our worldly visions must be formed. But we are least concerned on our visions on spirituality. If this idea never struck you before in this liturgical season of Elijah-Cross-Moses let us make a serious examination of our souls.

On the day of the final judgement, Jesus never asks one how much pious or religious he was, but how much was he a “Good Samaritan” to his neighbours. Everyday we see many people who are in need of our help and support. We ignore them simply and like the lawyer who approached Jesus, we too justify ourselves and ask, “Who is my neighbor? (Luke 10:29). To put it simple Jesus would ask us. “How much did you love me by loving your brethren?”. It is in this context, St. Therese of Lisieux gives us a short cut to heaven which is “Do everything, even the small things with great love”. This great or maximum love is the principle of Maximalism of servant of God, Bishop William Giaquinta. We know that love is repaid by love alone. We receive much from the abundance of Lord’s love and practically gives back nothing.

### Climbing the Tabore

On the day of the transfiguration, Jesus along with his three disciples went to a mountain which is according to the tradition, mount Tabore. There he transfigures and Moses and Elijah of the Old Testament appears. This is the meeting place of Law and Prophets of the Old Testament with the New Testament.

The Ten commandments of the Old Testament forbade us from doing sins and its violation spelt doom. In the New Testament, Jesus gave the “Beatitudes” which would make us blessed. The core essence of the prophets and the law is “love” (Mt 22: 40). The element of love in the law was often ignored by the scribes and Pharisees. To have a real experience of the transfiguration, we must climb the mountain of Tabore with the slogan of love. For this we must give away our attitudes which prevent us from loving and take Jesus’ gospel of love close to the heart. In other words the climbing of Tabore is our everyday life and deeds inspired by love and flavoured with it. This understanding of “Love in action” is reaching the pinnacle of Tabore. There we can see Jesus in all his glory.

This love must be reflected in all spheres of our life. We too need a transfiguration; a transfiguration to the living messengers of Love. St. Paul writes “For Christ’s love compells us” (2 Cor. 5:14). With this profound love when we look at the face of Christ at Tabore, we too can experience him, which would be the basis of our visions. Then we too would see visions as prophesied by Joel, Let us be receptive to the channels of grace: Holy Eucharist and Holy Confession. Then spirit would work in us and we too would see Chrystal clear visions.

കുടുംബ വിശുദ്ധി 3



# ഭാര്യാഭർതൃബന്ധം വിശുദ്ധിയിലേക്കുള്ള വിളി

**മിനി വന്യംപറമ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*അവിശ്വാസിയായ ഭർത്താവ് ഭാര്യമുഖേനയും അവിശ്വാസിയായ ഭാര്യ ഭർത്താവുമുഖേനയും* വിശുദ്ധീകരിക്കപ്പെടുന്നു. അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധരാകുമായിരുന്നു. എന്നാൽ ഈ സ്ഥിതിയിൽ അവർ വിശുദ്ധരത്രേ (1 കോറി. 7:14).

വ്യത്യസ്തമായ കുടുംബപാരമ്പര്യം, സംസ്കാരം, വിദ്യാഭ്യാസം എന്നീ തുറകളിൽ ജനിച്ച് ജീവിച്ച് വളർന്നുവന്ന രണ്ടു വ്യക്തികൾ വിവാഹമെന്ന കൂദാശവഴി ഇവയെ സമന്വയിപ്പിച്ച് ഒരു പുതിയ കുടുംബത്തിന് ജന്മം കൊടുക്കുകയാണ്. വിവാഹഉടമ്പടിയിലൂടെ വരനും വധുവും ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ പങ്കുചേരുകയാണ്. അപൂർണരായ സ്ത്രീയെയും പുരുഷനെയും സ്നേഹത്തിന്റെ പൂർണതിയിലേക്കാണ് വിവാഹമെന്ന കൂദാശവഴി ദൈവം ക്ഷണിക്കുന്നത്. വിവാഹമെന്ന കൂദാശ ദൈവത്തിന്റെ പ്രത്യേകമായ വിളിയാണ്.

ഈശോയിൽ ഒന്നായി ജീവിച്ച് വിശുദ്ധി പ്രാപിക്കാൻ പരസ്പരം സഹായിക്കുന്നതിനാണ് ഭാര്യാഭർത്താക്കന്മാർ വിളിക്കപ്പെട്ടിരിക്കുന്നത്. ജീവിതപങ്കാളിയിലൂടെയും പങ്കാളിവഴിയും വിശുദ്ധി പ്രാപിക്കാനായിട്ടാണ് വിവാഹ ഉടമ്പടിയിലൂടെ ഭാര്യാഭർത്താക്കന്മാർ കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുക. അതുവഴി ഇരുവരും ക്രിസ്തീയപൂർണതയിലേക്ക് നടന്നടുക്കുന്നു. അതായത് ഇരുവരുടെയും ആത്മാർപ്പണത്തിലൂടെയും പരസ്പരസ്നേഹ ഐക്യത്തിലൂടെയും ത്യാഗസഹനത്തിലൂടെയും വിശ്വസ്തമായ ജീവിതസാക്ഷ്യത്തിലൂടെയും വിശുദ്ധിയുടെ പൂർണതയിലേക്ക് വളരുന്നു.

ഒരു ഇടവകയിലെ ഭവനസന്ദർശനവേളയിൽ ഒരു കുടുംബത്തിൽ കണ്ടൊരനുഭവം. അപ്പനും അമ്മയും രണ്ടുമക്കളുമുള്ള ഒരു കുടുംബം. മകൻ വിവാഹിതനാണ്, അവർ വിദേശ



ത്തും. മകളെ വളരെ വിദൂരത്തല്ലാത്ത ഒരു കുടുംബത്തിലും കെട്ടിച്ചുവിട്ടു. അമ്പതിനും അറുപതിനും ഇടയ്ക്ക് പ്രായമുള്ള അവിടുത്തെ അമ്മച്ചി കിടപ്പുരോഗിയായിട്ട് പതിനഞ്ച് വർഷം കഴിഞ്ഞു. പട്ടാളത്തിൽ ജോലി ചെയ്തിരുന്ന കുടുംബനാഥൻ തന്റെ ഭാര്യയുടെ രോഗംമൂലം തിരിച്ചുപോന്നു. ഈ അമ്മച്ചിയെ ശുശ്രൂഷിച്ചത് മക്കളോ മരുമക്കളോ ആയിരുന്നില്ല. പിന്നെയോ ഈ കുടുംബനാഥനായിരുന്നു. ഞങ്ങൾക്ക് ഏറെ അത്ഭുതകരമായി തോന്നിയത് മറ്റൊന്നായിരുന്നു. എത്ര വൃത്തിയായും ഭംഗിയായും അദ്ദേഹം രോഗിയായ തന്റെ ഭാര്യയെ ഒരു നേഴ്സിനെക്കാളുപരി ശുശ്രൂഷിക്കുകയും അതോടൊപ്പം, മുറിയും പരിസരവും സൂക്ഷിക്കുകയും ചെയ്യുന്നു! ശരീരം പൊട്ടി വ്രണമാകാതെ സമയാസമയങ്ങളിൽ അതീവ ശ്രദ്ധയോടെ ഭാര്യയെ പരിചരിക്കുന്ന ഭർത്താവ്... എത്ര സന്തോഷത്തോടും സ്നേഹത്തോടും കൂടിയാണ് അദ്ദേഹം അവ ചെയ്യുന്നത് എന്ന് മനസിലാക്കാൻ സാധിച്ചു. ജീവിതപങ്കാളി സ്വന്തമാണെന്നു കരുതുന്ന, സ്നേഹിക്കുന്ന ഭർത്താവ്. ഈശോ തന്റെ ജീവൻ ചൊരിഞ്ഞ് സഭയെ സ്നേഹിച്ചതുപോലെ ഒരു ഭർത്താവ് തന്റെ ഭാര്യയെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു.

മറ്റൊരു വീട്ടിലെ അനുഭവം മറക്കാനാവില്ല, ഏകദേശം 70-നും 80-നും ഇടയ്ക്ക് പ്രായമുള്ള ഒരു കുടുംബനാഥൻ തന്റെ ഭാര്യയെ ഒരു മുറിയിൽ തന്റെ പട്ടിക്കൊപ്പം പൂട്ടിയിട്ടേ പുറത്തുപോകൂ. ഇത്രവർഷത്തോളം ഒന്നിച്ചു ജീവിച്ചു, എന്നിട്ടോ...? ഭർത്താവിനെ ശുശ്രൂഷിക്കാൻ കഴിയാത്ത ഒരു ഭാര്യയും ഭാര്യയെ ശുശ്രൂഷിക്കാൻ കഴിയാത്ത ഒരു ഭർത്താവും എങ്ങനെ ഉടമ്പടിബന്ധത്തിൽ വിശ്വസ്തരാകും? എങ്ങനെ വിശുദ്ധിയുടെ പൂർണതയെ പ്രാപിക്കും? ഇന്നുമുതൽ മരണംവരെ സുഖത്തിലും ദുഃഖത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും... ഏകമനസ്സോടെ ഒന്നിച്ചുജീവിച്ചുകൊള്ളാമെന്നു ദൈവതിരുമുമ്പാകെ വാഗ്ദാനം ചെയ്തവരാണ് ഒരോ ഭാര്യയും ഭർത്താവും. ഇത്ര വർഷത്തേക്കോ ഇത്ര മാസത്തേക്കോ ഇന്ന ദിവസംവരെയോ എടുത്തതല്ല, പിന്നെയോ ജീവിതാവസാനംവരെ പാലിക്കേണ്ട ഉടമ്പടി ബന്ധമാണ് ഇത്.

വിവാഹം ഒരു വ്യാപാരഉടമ്പടിയല്ല മറിച്ച് വിശുദ്ധമാർന്ന ഒരു ഉടമ്പടിബന്ധമാണ്. എന്നോടിതു ചെയ്താൽ - എന്നോട് ഇങ്ങനെ പെരുമാറിയാൽ ഞാനും അതുപോലെ ചെയ്യും. എന്നോടു വാക്കുതെറ്റിച്ചാൽ ഞാനും അപ്രകാരം ചെയ്യും എന്നു പറയുന്നതാണോ ഭാര്യാഭർതൃബന്ധം? എനിക്ക് എന്റെ വഴി. ഇത് വെറും സ്വാർത്ഥതയാണ്. മിന്നുകെട്ടി പുടവയണിയിച്ച്, മോതിരമിട്ടാൽ എല്ലാമായി എന്നു ആരും കരുതരുത്. എന്നാൽ പരസ്പരവിശ്വസ്തതയാൽ മുദ്രിതവും സർവ്വോപരി ഈശോയുടെ കൂദാശയാൽ പവിത്രീകൃതവുമായ പ്രസ്തുത സ്നേഹം അചഞ്ചലമായ വിശ്വസ്തതയോടെ നിലകൊള്ളും.

### എന്താണ് വിവാഹഉടമ്പടിയുടെ അടിസ്ഥാനം?

പൂർണമായ അറിവോടും സ്വാതന്ത്ര്യത്തോടുംകൂടെ എടുത്ത മനസമ്മതമാണ് വിവാഹഉടമ്പടിയുടെ അടിസ്ഥാനം എന്ന് ഓരോ പുരുഷനും സ്ത്രീയും തങ്ങളുടെ ഹൃദയങ്ങളിൽ ആഴത്തിൽ പതിപ്പിക്കേണ്ട ഒരു വസ്തുതയാണ്. ഇത് ഒരാളുടെ മാത്രമല്ല, പരസ്പരമുള്ള ഉഭയസമ്മതമാണ്. വ്യക്തികളുടെ ഇഷ്ടാനുസരണം ഉടമ്പടിബന്ധത്തെ അവികലമാക്കരുത്. ജീവിതപങ്കാളിയായി തിരഞ്ഞെടുക്കുന്ന വ്യക്തിയെപ്പറ്റി വേണ്ടത്ര അന്വേഷണം നടത്താൻ വിവാഹത്തിനുമുമ്പ് അവസരമുണ്ട്. വിവാഹത്തിനുശേഷം താരതമ്യപഠനം നടത്തുന്നതും കുറ്റങ്ങളെയും കുറവുകളെയുംപറ്റി ആകുലപ്പെടുന്നതും ശരിയല്ല. ജീവിതപങ്കാളിയെ ആയിരിക്കുന്ന വിധത്തിൽ പൂർണമായി സ്വീകരിച്ചുകൊണ്ട് ദൈവത്തിൽ പരിപൂർണമായി ആശ്രയിക്കുകയാണ് വേണ്ടത്. കുറ്റങ്ങളും കുറവുകളുമില്ലാത്ത മനുഷ്യവ്യക്തികളില്ല. പരസ്പരം അംഗീകരിച്ചും സ്വീകരിച്ചും

സഹകരിച്ചും സ്വരുമയിൽ മുന്നേറിയാൽ അവിടെ കുടുംബജീവിതം സ്വർഗമാക്കാം. ചെറുതും നിസാരവുമായ കാര്യങ്ങളിൽ മുറുമുറുപ്പില്ലാതെയും ആകുലതകളിൽ ആശ്വാസവും വേദനകളിൽ സാന്ത്വനവും പരസ്പരധാരണയും മനസിലാക്കലും ബഹുമാനവും പുലർത്തുന്ന ഒരു ഭാര്യാഭർതൃബന്ധം എത്ര മനോഹരമാണ്.

ഇന്ന് വിവാഹമോചനം ഏറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. ദൈവം യോജിപ്പിച്ച വിവാഹജീവിതത്തെ വളരെ നിസാരമായി കാണുകയും ലാഘവത്തോടെ വീക്ഷിക്കുകയും ചെയ്യുന്നവരാണ് ഇന്ന് ഏറെയും. വി. മത്താ 19:3 മുതലുള്ള വാക്യങ്ങളിൽ ഒരു ഫരിസേയൻ വിവാഹമോചനത്തെക്കുറിച്ച് ഇശോയോടു ചോദിക്കുന്നുണ്ട്. ഇശോയുടെ വിവരണത്തിനുശേഷം ശിഷ്യന്മാർ ഈശോയോടു ചോദിക്കുന്ന 10–11 വാക്യങ്ങൾ ശ്രദ്ധേയമാണ്: ഭാര്യാഭർതൃബന്ധം ഇത്തരത്തിലുള്ളതെങ്കിൽ, വിവാഹം ചെയ്യാതിരിക്കുന്നതാണല്ലോ ഭേദം. അവൻ പറഞ്ഞു: കൃപ ലഭിച്ചവരല്ലാതെ മറ്റാരും ഈ ഉപദേശം ശ്രവിക്കുന്നില്ല. എന്തെന്നാൽ ഷണ്ഡന്മാരായി ജനിക്കുന്നവരുണ്ട്, മനുഷ്യരാൽ ഷണ്ഡരാക്കപ്പെടുന്നവരുണ്ട്, സ്വർഗരാജ്യത്തെപ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവരുണ്ട്. ഗ്രഹിക്കാൻ കഴിവുള്ളവൻ ഗ്രഹിക്കട്ടെ.

1 കോറി 7:1–16 വരെയുള്ള വാക്യങ്ങൾ വായിച്ചു ധ്യാനിക്കുന്നത് ഏറെ നല്ലതായിരിക്കും. 10 മുതലുള്ള വാക്യങ്ങളിൽ പൗലോസ് ശ്ലീഹാ പറയുന്നു: വിവാഹിതരോടു ഞാൻ കല്പിക്കുന്നു, ഞാനല്ല കർത്താവു തന്നെ കൽപിക്കുന്നു, ഭാര്യ ഭർത്താവിൽനിന്നു വേർപിരിയരുത്. അഥവാ വേർപിരിയുന്നെങ്കിൽ, അവിവാഹിതയെപ്പോലെ ജീവിക്കണം; അല്ലെങ്കിൽ ഭർത്താവുമായി രമ്യപ്പെടണം; ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കരുത്, ശേഷമുള്ളവരോട് കർത്താവല്ല, ഞാൻ തന്നെ പറയുന്നു, ഏതെങ്കിലും സഹോദരന് അവിശ്വാസിയായ ഭാര്യ ഉണ്ടായിരിക്കുകയും അവൾ അവനോടൊത്തു ജീവിക്കാൻ സമ്മതിക്കുകയും ചെയ്താൽ അവൻ അവളെ ഉപേക്ഷിക്കരുത്. ഏതെങ്കിലും സ്ത്രീക്ക് അവിശ്വാസിയായ ഭർത്താവ് ഉണ്ടായിരിക്കുകയും അവൻ അവളോടൊത്ത് ജീവിക്കാൻ സമ്മതിക്കുകയും ചെയ്താൽ അവൾ അവനെ ഉപേക്ഷിക്കരുത്. എന്തെന്നാൽ അവിശ്വാസിയായ ഭർത്താവ് ഭാര്യമുഖേനയും അവിശ്വാസിയായ ഭാര്യ ഭർത്താവുമുഖേനയും വിശുദ്ധീകരിക്കപ്പെടുന്നു. അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധരാകുമായിരുന്നു. എന്നാൽ ഈ സ്ഥിതിയിൽ അവർ വിശുദ്ധരത്രേ.

ദമ്പതിമാരുടെ കടമയെക്കുറിച്ച് പത്രോസ് ശ്ലീഹായുടെ ഒന്നാംലേഖനം 3:1–8 വാക്യങ്ങളിൽ വിവരിക്കുന്നുണ്ട്: വചനം അനുസരിക്കാത്ത ആരെങ്കിലും ഉണ്ടെങ്കിൽ അവരെ വാക്കുകൊണ്ടല്ല, പെരുമാറ്റംകൊണ്ട് വിശ്വാസത്തിലേക്ക് ആനയിക്കാൻ ഭാര്യമാർക്കു കഴിയും. അവർ നിങ്ങളുടെ ആദരപൂർവകവും നിഷ്കളങ്കവുമായ പെരുമാറ്റം കാണുന്നതുമൂലമാണ് ഇതു സാധ്യമാവുക.. ഏഴാം വാക്യം പറയുന്നു, ഭർത്താക്കന്മാരേ, നിങ്ങൾ വിവേകത്തോടെ നിങ്ങളുടെ ഭാര്യമാരോടൊത്തു ജീവിക്കുവിൻ. സ്ത്രീ ബലഹീനപാത്രമാണെങ്കിലും ജീവദായകമായ കൃപയ്ക്കു തുല്യഅവകാശിനിയെന്ന നിലയിൽ അവളോടു ബഹുമാനം കാണിക്കുവിൻ. ഇതു നിങ്ങളുടെ പ്രാർത്ഥനയ്ക്കു തടസമുണ്ടാകാതിരിക്കാൻ വേണ്ടിയാണ്.

വിവാഹജീവിതം എന്നും പരിപാവനമാകാൻ അടിസ്ഥാനമായി നിലകൊള്ളേണ്ടത് അനുദിനം ഒന്നുചേർന്നുള്ള അവരുടെ പ്രാർത്ഥനയാണ്. കുറവുകളെയും പോരായ്മകളെയും സ്വീകരിക്കാനും ക്ഷമിക്കാനും അവരെ പ്രാപ്തരാക്കുന്ന ചാലകശക്തിയാണ് പ്രാർത്ഥന. പ്രാർത്ഥനയാൽ അടിത്തറ പണിയുന്ന കുടുംബം പാറമേൽ പണിതഭവനം പോലെ ഉറപ്പേറിയതാകും. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ 'ഞാനിന്ന് എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്' എന്ന് നമുക്കോരോരുത്തർക്കും പറയുവാൻ സാധിക്കട്ടെ. അവിടുത്ത കൃപയുടെ തണലിൽ അഭയം തേടാം. നമ്മുടെ ജീവിതങ്ങളെ ജീവാത്മകമാക്കാൻ വിശുദ്ധമാക്കാൻ അവിടുത്തെ ആത്മാവിന്റെ നിറവ് കരുത്തുപകരട്ടെ.








**വത്സമ്മ മുളവന**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"മനുഷ്യൻ ആഗ്രഹിക്കുന്ന എല്ലാ സുഖഭോഗങ്ങളും ഞാൻ സമ്പാദിച്ചു. എന്റെ നയനങ്ങൾ അഭിലഷിച്ചതൊന്നും ഞാൻ നിഷേധിച്ചില്ല. ഞാൻ അനുഭവിക്കാത്ത സുഖങ്ങളില്ല. എന്റെ ഹൃദയത്തിന് ഒരു സന്തോഷവും വിലക്കിയില്ല. പിന്നെ ഞാൻ ഉണ്ടാക്കിയവയെയും അതിനുവേണ്ടി ചെയ്ത അധ്വാനത്തെയും ഞാൻ നിരൂപണം ചെയ്തു. എല്ലാം മിഥ്യയും പാഴ്‌വേലയുമായിരുന്നു" (സഭാപ്രസംഗകൻ).

നന്മയുടെ പരിവേഷമണിഞ്ഞ് തിന്മ ഇന്ന് പല രൂപത്തിലും ഭാവത്തിലും എല്ലായിടത്തും ഓടിനടക്കുന്നു. പറുദീസായിൽ മോഹനവാഗ്ദാനവുമായി ഹവ്വായെ ചതിച്ച സാത്താൻ അതേ സൂത്രവുമായി കുട്ടികളെ മാത്രമല്ല പ്രായമായവരെയും അഭ്യസ്തവിദ്യരെയും -ഓരോ വ്യക്തിയെയും- വലയിൽ വീഴിച്ചുകൊണ്ടിരിക്കുന്നു. അവയുടെ പിന്നിൽ പതിയിരിക്കുന്ന കപടത മനസ്സിലാക്കാതെ ജീവിതം പരമാവധി ആസ്വദിക്കാനുള്ള മോഹത്താൽ മനുഷ്യൻ അതെല്ലാം കൈനീട്ടി വാങ്ങുന്നു. ഒടുവിൽ നാശത്തിൽ പതിക്കുന്ന നിരവധി സംഭവങ്ങൾ നാം നിത്യവും മാധ്യമങ്ങളിലൂടെ അറിയുന്നുണ്ട്.

ബ്രേക്ക് ഇല്ലാത്ത വാഹനം വലിയ അപകടകാരിയാണ്. ആത്മനിയന്ത്രണം ഇല്ലാത്ത വ്യക്തിയുടെ അവസ്ഥയും ഇതുതന്നെയാണ്. ആത്മനിയന്ത്രണത്തിന്റെ പദമാണ് **'നൊ'**

എന്നത്. നമ്മെ തിന്മയിലേക്ക് വലിച്ചിഴയ്ക്കുന്നവയോട് **'നൊ'**എന്നുപറയുവാനും നന്മയിലേക്കു നയിക്കുന്നവയോട് **'യേസ്'** എന്നു പറയുവാനും സാധിക്കുന്നതാണ് വിവേകം. **'നൊ'**, **'യേസ്'** എന്നിവ ചെറിയ രണ്ടു പദങ്ങളാണെങ്കിലും അവ വളരെ അർത്ഥവത്തും ഓരോരുത്തരുടെയും ജീവിതഗതി നിർണയിക്കുന്നതുമാണ്.

'നൊ-വേണ്ട' എന്ന ഒരു വാക്ക് കൗശലക്കാരനായ സർപ്പത്തോട് പറയാനുള്ള ആത്മനിയന്ത്രണം ഇല്ലാതിരുന്നതിനാൽ, ദൈവം പാടില്ല എന്നു പറഞ്ഞ പഴം പറിച്ചുതിന്ന് ദൈവകല്പനലംഘിച്ച് ഏദേൻതോട്ടം നഷ്ടമാക്കിയ ആദിമാതാപിതാക്കന്മാരുടെ അധഃപതനത്തിന്റെ കഥ ഉല്പത്തിപുസ്തകം 3-ാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്. അവസരോചിതമായി 'നൊ' പറഞ്ഞ് ദൈവാനുഗ്രഹത്തിനു പാത്രീഭൂതരായ ചില മഹത്വ്യക്തികളെയും ബൈബിളിൽ കാണാം. ഉല്പത്തിപുസ്തകം 39-ാം അധ്യായത്തിൽ ഫറവോയുടെ ഒരു ഉദ്യോഗസ്ഥനായ പൊത്തിഫർ അടിമയായി വാങ്ങിയ ജോസഫിനെപ്പറ്റി പറയുന്നുണ്ട്. ജോസഫ് സുന്ദരനും സുമുഖനുമായിരുന്നു. ജോസഫിൽ അഭിനിവേശം തോന്നിയ പൊത്തിഫറിന്റെ ഭാര്യ ജോസഫിനെ തെറ്റു ചെയ്യാൻ പലപ്രാവശ്യം പ്രേരിപ്പിച്ചു. ജോസഫ് അപ്പോഴെല്ലാം 'നൊ' പറഞ്ഞ് ഒഴിഞ്ഞുമാറി. ഒരിക്കൽ അവൾ ജോസഫിനെ വീണ്ടും പ്രലോഭിപ്പിച്ചപ്പോൾ അവൻ ആ പാപസാഹചര്യത്തിൽനിന്നും ഓടിയകന്നു. ജോസഫിൽ കുറ്റം ആരോപിച്ച ഭാര്യയുടെ വാക്കുകേട്ട് പൊത്തിഫർ ജോസഫിനെ കാരാഗൃഹത്തിൽ അടച്ചെങ്കിലും പിന്നീട് അദ്ദേഹത്തെ മോചിപ്പിച്ച് അദ്ദേഹത്തിന് കൂടുതൽ അധികാരങ്ങൾ നല്കുന്നതായി കാണാം.

ബാബിലോണിൽ പ്രവാസികളായ മൂന്നു യുവാക്കൾ ബാബിലോണ്യചക്രവർത്തിയുടെ ബിംബത്തെ ആരാധിക്കണമെന്നും ഇല്ലെങ്കിൽ തീച്ചൂളയിൽ എറിയപ്പെടും എന്നും പറഞ്ഞെങ്കിലും അവർ ധൈര്യപൂർവ്വം 'നൊ' പറഞ്ഞു. സ്വന്തം ദൈവത്തെയല്ലാതെ മറ്റൊരു ദേവനെയും ആരാധിക്കുകയോ സേവിക്കുകയോ ഇല്ലെന്നു പറഞ്ഞ് രാജകല്പന നിരസിച്ച തന്റെ ദാസന്മാരെ ദൈവം അത്ഭുതകരമായി തീച്ചൂളയിൽനിന്നും രക്ഷിക്കുന്നു.

അനുദിനം പലതരത്തിലുള്ള പ്രലോഭനങ്ങളും ആസക്തികളും യുവതീയുവാക്കളെയും കുട്ടികളെയും വഴിതെറ്റിക്കാൻ പരിശ്രമിക്കുന്നു. മദ്യം, മയക്കുമരുന്ന്. ലഹരിവസ്തുക്കൾ, മോഷണം, ബ്ലൂഫിലിം, കപടപരസ്യങ്ങൾ തുടങ്ങിയവയിലെ ചതി മനസ്സിലാക്കി അവയോടെല്ലാം 'നൊ-വേണ്ട' എന്നുപറഞ്ഞ് അവയെയെല്ലാം അതിജീവിക്കാൻ പരിശ്രമിച്ചാൽ ജീവിതം സന്തോഷകരമാക്കാം. ജീവിതത്തിൽ ലക്ഷ്യബോധമില്ലാത്തവരാണു പോകുന്ന വഴിയിൽ കാണുന്നതിന്റെയെല്ലാം പുറകെ പോകുന്നത്.

മാതാപിതാക്കൾ മക്കളെ സ്നേഹിക്കണം. എന്നാൽ മക്കൾ വഴിതെറ്റുന്ന സാഹചര്യങ്ങളിലേക്കു പോകുമ്പോൾ പാടില്ല എന്നു പറയുവാൻ മാതാപിതാക്കൾക്കു സാധിക്കണം. മക്കളുടെ നന്മയ്ക്കുതകുന്ന കാര്യങ്ങൾക്ക് 'യേസ്' പറയണം. മാധ്യമങ്ങൾ, പരസ്യങ്ങൾ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിവയിലെ അപകടവശങ്ങളെക്കുറിച്ച് മാതാപിതാക്കൾ ബോധവാന്മാരായിരിക്കണം. മക്കളുടെ ഇഷ്ടമനുസരിച്ച് ആവശ്യപ്പെടുന്നതെല്ലാം വാങ്ങിച്ചുകൊടുത്താൽ അത് അവരുടെ നാശത്തിനും ഒടുവിൽ വിലാപത്തിനും ഇടയാകും.

സന്ധ്യാപ്രാർത്ഥനയുടെ സമയത്ത് ടി.വി. കാണുക എന്ന പ്രലോഭനത്തോട് മാതാപിതാക്കൾ 'നൊ' പറയുകയും തങ്ങളുടെ മക്കളോടും പാടില്ല എന്നു പറഞ്ഞ് പ്രാർത്ഥിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ആവശ്യമില്ലാത്തതും പ്രയോജനരഹിതവുമായവയോടെല്ലാം 'നൊ' പറയാൻ പരിശീലിക്കണം. പ്രലോഭനങ്ങളിൽ വീഴാതെ നമ്മെ സഹായിക്കാൻ നമുക്കൊരു സഹായകനുണ്ട് - പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവിന്റെ സഹായത്താൽ ശക്തിപ്രാപിച്ച് പ്രലോഭനങ്ങളോടു പടപൊരുതി ജയിക്കാം, ജീവിക്കാം.







രൂപീകരണം



# സ്ലീവാ ദൈവത്തിലേക്കുള്ള ഏകമാർഗ്ഗം

**ലീന അറയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"ജീവന്നുറവാം കുരിശേ നീ
വിശ്വാസികൾ തന്നുയിരല്ലോ
ഞങ്ങൾക്കഭയം നല്കീടും
കോട്ടയുമെന്നും നീ തന്നെ"

*(ഞായർ - സപ്രാ, ഏലിയാ സ്ലീവാ മൂശെക്കാലങ്ങൾ)*

"കുരിശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്തമാകുന്നു. രക്ഷിക്കപ്പെടുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രേ" (1 കോറി 1:18).

മനുഷ്യനായി അവതരിച്ച ദൈവപുത്രൻ മനുഷ്യകുലത്തെ രക്ഷിക്കാൻ തിരഞ്ഞെടുത്ത മാർഗ്ഗമാണ് കുരിശ്. ഈശോയെ പിഞ്ചെന്ന് ശിഷ്യരും തുടർന്ന് വിശുദ്ധരും നീതിമാന്മാരുമായ എല്ലാവരും സ്വർഗ്ഗഭാഗ്യത്തിലെത്തിച്ചേർന്നതും കുരിശിന്റെ - സഹനത്തിന്റെ - പാതയിലൂടെത്തന്നെയാണ്. സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കി നീങ്ങുന്ന സഭാതനയരേവരുടെയും പാതയും സഹനത്തിന്റേതാണ് - കുരിശിന്റേതാണ്. കാരണം

"ദൈവം മാനവനരുളുന്നു
തന്റെ സഹായം നിരവദ്യം
സ്ലീവാ വഴിയീ ലോകത്തിൽ"

*(ഞായർ - ലെലിയ, ഏലിയാ സ്ലീവാ മൂശെക്കാലങ്ങൾ)*

പ്രസ്തുത ചിന്തകളോട് ചേർത്തുവച്ചുതന്നെ ദൈവദാസനായ ജകബീൻതാ പിതാവിന്റെ വാക്കുകൾ അനുദിനജീവിതത്തിൽ നമുക്കു പ്രാവർത്തികമാക്കാം.

"കുരിശിനെ സ്നേഹിക്കുക, കുരിശിനെ സ്വീകരിക്കുക, കുരിശിനോട് പുഞ്ചിരിക്കുക, കാരണം ദൈവത്തിന്റെ സ്നേഹത്തിൽ നമ്മെ എത്തിക്കുവാൻ സഹായിക്കുന്ന ഏറ്റവും വലിയ വഴിയാണ് കുരിശ്". ഇതിനായി,

***ദൈവത്തോട്:*** *സഹനങ്ങളുണ്ടാകുമ്പോൾ, വേദനകൾ വരുമ്പോൾ എന്തുകൊണ്ട് എനിക്കിതു തന്നു എന്നു പരാതി പറയാതെ വിശുദ്ധിയിലെത്തിച്ചേരാനുള്ള മാർഗ്ഗമായി അവയെ കാണുകയും സ്നേഹത്തോടെ സ്വീകരിക്കാനുള്ള കൃപയ്ക്കായി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യാം.*

***മറ്റുള്ളവരോട്:*** *വന്നുഭവിക്കുന്ന സഹനങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും വൈഷമ്യമേറിയ സാഹചര്യങ്ങൾക്കും കാരണം മറ്റുള്ളവർ ആണെന്നു പഴിപറയാതെ, ദൈവികപദ്ധതിയുടെ ഭാഗമായി അവയെ കാണുവാനും സ്വീകരിക്കുവാനും പരിശ്രമിക്കാം.*

***തന്നോടുതന്നെ:*** *മിശിഹായുടെ സഹനത്തിന്റെ കുറവിനെ സ്വന്തം ശരീരത്തിൽ പരിഹരിച്ച ശ്ലീഹായേപ്പോലെ, മറ്റുള്ളവരിൽ നിന്നും അവരുടെ കുറവുകൾ മൂലവുമുണ്ടാകുന്ന സഹനങ്ങളെ സ്വീകരിച്ച് അവയെ രക്ഷാകരമൂല്യമുള്ളതാക്കിതീർക്കാം.*

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre, Manganam P.O., Kottayam - 686 018
Tel. 0481-2578192
apo.oblatesindia@gmail.com
http://apostolicoblatesindia.in





# കുഴിമാടത്തിലെ ഐക്യം

**ഷിനി തെരേസ് മുതുപ്ലാക്കൽ**

ഒരിടവകയിൽ ആഘോഷപൂർവ്വമായ ഒരു മൃതസംസ്കാരം നടക്കുന്നു. സ്വർണ്ണക്കുരിശിന്റെയും മുത്തുക്കുടകളുടെയും ബാൻഡ്സെറ്റിന്റെയും അനേകം വാഹനങ്ങളുടെയും ആയിരക്കണക്കിന് ആളുകളുടെയും അകമ്പടിയോടെ, സ്വർണ്ണംപൂശിയ ശവപ്പെട്ടിയിൽ വിലയേറിയ പലതരം പൂക്കൾക്കൊണ്ടും സാദ്ധ്യമായ എല്ലാ ആടയാഭരണങ്ങൾക്കൊണ്ടും അലങ്കരിച്ച ഒരു മൃതദേഹം സെമിത്തേരിയിൽ എത്തിച്ചു. എല്ലാ കർമ്മാനുഷ്ഠാനങ്ങൾക്കും ശേഷം ഒരു അനുശോചനസമ്മേളനവും ഉണ്ടായിരുന്നു.


അതേദിവസംതന്നെ വേറൊരാളുടെ മൃതസംസ്കാരവും അവിടെത്തന്നെ നടത്തി. അതു പക്ഷേ, അധികമാരും അറിഞ്ഞില്ല. അതിൽ പങ്കെടുത്തത് കുറച്ചാളുകൾ മാത്രം. അധികം അലങ്കാരങ്ങളൊന്നുമില്ലാതെ, ഒരു സാധാരണ ശവപ്പെട്ടിയിൽ കൊണ്ടുവരപ്പെട്ട ആ മൃതദേഹവും സംസ്കരിച്ച് ആളുകൾ മടങ്ങി.

ഇതെല്ലാം കണ്ടുകൊണ്ട് അടുത്തുള്ള മരച്ചില്ലയിലിരുന്ന രണ്ടു പക്ഷികൾ തമ്മിൽ പറഞ്ഞു: "മരിച്ചതു രണ്ടും മനുഷ്യർ. പക്ഷേ, അവരുടെ മൃതസംസ്കാരങ്ങൾ കണ്ടിട്ട് അവർ തമ്മിൽ വ്യത്യാസമുണ്ടെന്നു തോന്നുന്നു. എന്തായിരിക്കാം ഈ മനുഷ്യർ തമ്മിലുള്ള വ്യത്യാസം"? പക്ഷികൾ തമ്മിലുള്ള സംസാരം ശ്രദ്ധിച്ച പുഴു മണ്ണിനടിയിൽനിന്നും തലനീട്ടി നോക്കിയിട്ടു വിളിച്ചുപറഞ്ഞു: "നിങ്ങൾ കാത്തിരിക്കൂ. അവർ തമ്മിലെന്താണ് വ്യത്യാസമെന്ന് ഞാനൊന്ന് നോക്കിയിട്ടു വരാം".

ദിവസങ്ങൾ മൂന്നാലു കഴിഞ്ഞു. പുഴുവിന്റെ വരവും പ്രതീക്ഷിച്ച് പക്ഷികൾ കാത്തിരുന്നു. അവരുടെ ആകാംക്ഷയ്ക്ക് വിരാമമിട്ടുകൊണ്ട് പുഴു വീണ്ടും മണ്ണിനു മുകളിൽ പ്രത്യക്ഷപ്പെട്ടു. അവൻ പറഞ്ഞു: "അവർ തമ്മിൽ വ്യത്യാസമൊന്നുമില്ല. രണ്ടിനും ഒരേ രുചിയാ"!

ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങളിലെ യാമപ്രാർത്ഥനയിൽ നാം ഇപ്രകാരം പാടുന്നു:
"*വാടിക്കരിയും പുൽക്കൊടി പോൽ*
*അഴിയുന്നു നാം മരണത്തിൽ*
*ഐക്യം നമ്മിൽ വളരേണം*
*കുഴിമാടത്തിൽ നാമൊരുപോൽ*".

ജീവനുള്ള കാലത്ത് ഈയൊരു യാഥാർത്ഥ്യത്തെക്കുറിച്ച് ചിന്തിച്ചാൽ നമ്മിൽ മാറ്റങ്ങളുണ്ടാകും. സഹോദരങ്ങളെ സ്വന്തമായി കരുതാനും സ്വാർത്ഥതയും അസൂയയും വെറുപ്പും വിദ്വേഷവുമൊക്കെ അകറ്റി, "നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" എന്ന സ്നേഹത്തിന്റെ പ്രമാണം ജീവിതത്തിൽ പ്രാവർത്തികമാക്കാനും ഈ ചിന്ത ഉപകരിക്കട്ടെ.



കവിത

# പുഞ്ചിരിയുടെ സ്നേഹിതൻ

ജെസ്മി
പാണ്ടിക്കുന്നേൽ

സ്നേഹത്തിൻ നിറദീപമായ്
പുഞ്ചിരിതൻ പ്രേഷിതനായ്
പരസ്നേഹത്തിൻ മാതൃകയായ്
ധന്യപിതാവാം ജകബീൻതാ
പ്രാർത്ഥനയിലെന്നും കൃത്യതയോടെ
ദൈവഹിതത്തെ പറുദീസയാക്കി
തീവൊളിതൻ പൊൻമകനായ്
ഇന്നും സ്ഫുരിക്കുന്നു ജഗത്തിൽ
പൈതൃകമാം സ്നേഹവും വാത്സല്യവും
ഇന്ത്യൻ മക്കൾക്കായെന്നും നൽകി
വിശുദ്ധിതൻ പരിമളമേകി
എന്നും വാഴുന്നു ഹൃത്തടത്തിൽ
സ്നേഹിക്കൂ പടുത്തുയർത്താം
പ്രാർത്ഥിക്കൂ ദൈവമക്കളെ നേടാം
വത്സല താതൻ തൻ മൊഴികൾ
ഇന്നും മുഴങ്ങുന്നു കർണപുടങ്ങളിൽ
ദൈവസ്നേഹത്താൽ ജ്വലിച്ചീടുവാൻ
സഹോദരസ്നേഹത്താൽ ശോഭിക്കുവാൻ
കൃത്യനിഷ്ഠയിൽ വളർന്നീടുവാൻ
ആഹ്വാനമേകുന്നു വന്ദ്യതാതൻ
പരമാവധി സ്നേഹത്തിൻ ജ്വാലയായ്
ദിവ്യകാരുണ്യത്തിൻ ഉപാസകനായ്
ആശ്രയമാതാവിൻ പൊൻമകനായ്
സ്മരണയിൽ വിളങ്ങുന്നു ധന്യാത്മാവ്
സുസ്മേരവദനനായ് മാർഗദീപമായ്
ആദ്ധ്യാത്മിക തൻ പരിവേഷമായ്
ഇന്നും പ്രശോഭിക്കുന്നു സ്നേഹതാതൻ
സ്വന്തം മക്കൾതൻ മാനസത്തിൽ
ദൈവസ്നേഹത്തിൻ പ്രഘോഷകരായ്
വിധേയത്വത്തിൻ പൂർണതയായ്
വിശുദ്ധിയെ ജീവിതസൂക്തമായ്
മാറ്റുവാൻ മാദ്ധ്യസ്ഥ്യമേകീടണേ
സ്നേഹിക്കുന്നവർക്കായ് നന്മകൾ നല്കും
സ്വർഗീയതാതൻ തൻ സന്നിധിയിൽ
മക്കൾക്കായെന്നും മാദ്ധ്യസ്ഥ്യമേകുവാൻ
അഞ്ജലീബദ്ധരായ് പ്രാർത്ഥിക്കുന്നു.





# സാന്നിധ്യമല്ല – വേണ്ടത്, സാമീപ്യം

നോയൽ

38 സംവത്സരം രോഗിയായിരുന്നവൻ – ബേദ്സയ്ദായുടെ പടവുകളിൽ കാത്തു കിടക്കുകയാണ്. തനിക്കുചുറ്റും ഏറെപ്പേരുടെ സാന്നിധ്യം അവനുണ്ട്. 'സുഖപ്പെടാൻ നിനക്കാഗ്രഹമുണ്ടോ' എന്ന് ആരാഞ്ഞ ഗുരുവിന് ലഭിക്കുന്ന മറുപടി – "വെള്ളമിളകുമ്പോൾ എന്നെ കുളത്തിലിറക്കാൻ ആരുമില്ല. ഞാൻ എത്തുമ്പോഴേക്കും എനിക്ക് മുൻപേ മറ്റാരെങ്കിലും കുളത്തിൽ ഇറങ്ങിയിരിക്കും".

– ആൾക്കൂട്ടത്തിൽ തനിച്ചാവുന്ന അവസ്ഥ–

ആയിരംപേരുടെ സാന്നിധ്യമല്ല – താങ്ങാവുന്ന, ഒരാളുടെ സാമീപ്യമാണ് അനിവാര്യം



* സാന്നിധ്യത്തെക്കാൾ, സാമീപ്യം പകരാൻ എനിക്കാവുന്നുണ്ടോ? അതോ ആൾക്കൂട്ടത്തിൽ ഞാനും ഒറ്റപ്പെടുകയാണോ?
* താങ്ങുന്നൊരു കരമേകാൻ, തണലേകുന്നൊരു തരുവാകാൻ, എനിക്കും നിനക്കും കഴിയണം.
* അതിന്, ഉള്ളിലുള്ള ദൈവികസാമീപ്യം സ്വയം തിരിച്ചറിയണം.
* അപ്പോൾ, സഹജനിലെ ദൈവികസാമീപ്യം തിരിച്ചറിയുവാനുള്ള കാഴ്ച നമുക്ക് കൈവരും.

അങ്ങനെ, വെറും സാന്നിധ്യം മാത്രമല്ല, സാമീപ്യവും പകരുന്നവരായി നമുക്കു മാറാം.

പ്രതീക്ഷയുടെ പൂമൊട്ടുകൾ

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ ഏലിയാ-സ്ലീവാ-മൂശക്കാലങ്ങളിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. സെപ്റ്റംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലത്തിന്റെ കേന്ദ്രബിന്ദു എന്നുപറയാം. രൂപാന്തരീകരണവേളയിൽ ഏലിയായും മോശയും കർത്താവിനൊപ്പം ഉണ്ടായിരുന്നു. അപ്പോൾ സംസാരവിഷയമായത് അടുത്തുതന്നെ ജറുസലേമിൽ പൂർത്തിയാകേണ്ട ഈശോയുടെ കടന്നുപോകലാണ് (ലൂക്കാ 9,31). സ്ലീവായുടെ മഹത്ത്വത്തെയാണ് ആ സംഭവം സൂചിപ്പിക്കുന്നത്. മോശയുടെയും ഏലിയായുടെയും സാന്നിദ്ധ്യം കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തെയും ലോകാവസാനത്തെയും ഓർമ്മിപ്പിക്കുന്നു. സഭാജീവിതത്തിന്റെ അന്ത്യാത്മകസ്വഭാവവും സ്ലീവായിലൂടെ കരഗതമാകുന്ന രക്ഷാകരമായ മഹത്ത്വത്തെയുംകുറിച്ച് ധ്യാനിക്കുവാൻ ഈ കാലഘട്ടം നമ്മെ സഹായിക്കും. നിത്യപുരോഹിതനായ മിശിഹായുടെ മഹത്ത്വത്തിലേക്കുള്ള കടന്നുപോകൽ സംഭവിച്ചത് സ്ലീവായിലർപ്പിച്ച ജീവിതബലിയിലൂടെയായിരുന്നല്ലോ. നമ്മുടെ പുരോഹിതശുശ്രൂഷ നാം പൂർത്തിയാക്കേണ്ടതും ഈശോയോടൊപ്പമുള്ള നമ്മുടെ ജീവിതബലിയർപ്പണത്തിലൂടെയാണ്. സ്ലീവായുടെ മഹത്ത്വം മുന്നിൽ ദർശിച്ചുകൊണ്ട് പ്രത്യാശയോടെ ഈ ബലിയർപ്പണം നടത്തുവാൻ നമുക്കു പരിശ്രമിക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇറ്റാലിയൻ നേഷൻതലത്തിലുള്ള വാർഷികസമ്മേളനം 2014 ഓഗസ്റ്റുമാസം 26 മുതൽ 30 വരെയുള്ള തീയതികളിൽ ജെനോവായിൽ ബെൽപിയാനോ എന്ന സ്ഥലത്തുവച്ച് നടക്കുകയാണ്. ഈ വാർഷികസമ്മേളനത്തോടനുബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗും നടക്കുന്നതായിരിക്കും. ഇവയിൽ സംബന്ധിക്കുന്നതിനായി ജനറൽ മേജർ ഫാദർ മാത്യു വെള്ളാനിക്കലച്ചനും ജനറൽ സെക്രട്ടറി ജോസഫ് ചാലാശ്ശേരിയച്ചനും ഈ മാസം 20-ാം തീയതി ഇറ്റലിയിലേക്ക് യാത്രയാകും.

“സെനക്കിൾ ഒരു ദൈവവിളി” എന്ന ശീർഷകത്തിൽ സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിനെ പരിചയപ്പെടുത്തുവാൻ സഹായകമായ ഒരു കുറിപ്പ് ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിലുള്ള വൈദികർക്ക് ജനറൽ മേജർ ഫാദർ അയച്ചുകൊടുക്കുകയും അവരെ സെനക്കിൾകൂട്ടായ്മയിലേക്ക് ക്ഷണിക്കുകയും ചെയ്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.





പ്രതീക്ഷയുടെ പൂമൊട്ടുകൾ

# അമ്മയോടൊപ്പം അനുഗ്രഹവഴിയെ

**മേഴ്സി വെട്ടിക്കുഴക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**വ്യാകുലാംബികയുടെ മാതൃഹൃദയ നൊമ്പരങ്ങളിലൂടെ...**

*ഒന്നാം ദിവ്യരഹസ്യം:* **വൃദ്ധനായ ശെമയോന്റെ പ്രവചനത്തിന്റെ നിമിഷത്തിൽ മാതാവിനുണ്ടായ വ്യാകുലം.** *“ഈ പൈതൽ ഇസ്രായേലിൽ അനേകരുടെ വീഴ്ചയ്ക്കും ഉയർച്ചയ്ക്കുമായി വയ്ക്കപ്പെട്ടിരിക്കുന്നു. തർക്കത്തിന്റെ അടയാളവുമായിരിക്കും. പലരുടെയും ഹൃദയവിചാരങ്ങൾ വെളിപ്പെടും”.* (ലൂക്കാ 2:35)

പരി. അമ്മേ, ശെമയോന്റെ പ്രവചനങ്ങൾ അമ്മയുടെ ഹൃദയത്തിൽ ആഴമേറിയ മുറിവുകൾ സൃഷ്ടിച്ചുവെന്ന് ഞങ്ങളറിയുന്നു. അമ്മേ, സഹനത്തിന്റെയും ക്ലേശങ്ങളുടെയും ജീവിതപാതയിലൂടെ നടന്നുനീങ്ങുന്ന അങ്ങേ മക്കളായ ഞങ്ങളുടെ ജീവിതത്തിൽ രോഗത്തെയും മരണത്തെയും സംബന്ധിച്ചുള്ള ഭീതിയും ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠയും പരിഭ്രമവും നീക്കി ഞങ്ങളുടെമേൽ ദിവ്യസുതന്റെ കാരുണ്യത്തിന്റെ ദൃഷ്ടികൾ തിരിക്കാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

*രണ്ടാം ദിവ്യരഹസ്യം:* **ഉണ്ണിയീശോയെയും കൂട്ടി ഈജിപ്തിലേക്കുള്ള പലായനം.** *“നീ എഴുന്നേറ്റ് ശിശുവിനേയും അമ്മയേയും കൂട്ടി ഈജിപ്തിലേക്ക് ഓടിപ്പോവുക. ഞാൻ പറയുന്നതുവരെ അവിടെ താമസിക്കുക”* (മത്താ 2:13)

പരി. അമ്മേ, ദൈവത്തിന്റെ അത്ഭുതകരമായ വഴികളിലൂടെ അങ്ങു യാത്ര ചെയ്തുവല്ലോ. ഇന്ന് ജനങ്ങൾ ജന്മഭൂമിയിൽനിന്നും ആട്ടിപ്പായിക്കപ്പെടുന്നു. ജീവിതവീഥിയിൽ നിരാശ്രയരും നിരാശരുമായി കഴിയുന്ന അനേകരെ ഞങ്ങൾ ഓർക്കുന്നു. പരിശുദ്ധ അമ്മേ, ലോകമെമ്പാടും സമാധാനം സംസ്ഥാപിതമാകുവാനും അവശരോടും ആലംബഹീനരോടും നീതിയും സ്നേഹവും പുലർത്തുന്ന സംവിധാനം സംജാതമാകുവാനും ഇടയായിത്തീരേണ്ടതിന് ഞങ്ങൾക്കായി പ്രാർത്ഥിക്കണമെ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

*മൂന്നാം ദിവ്യരഹസ്യം:* **ജറുസലേം ദൈവാലയത്തിൽവച്ച് ബാലനായ ഈശോയെ കാണാതാകുന്നു.**
*“തിരുനാൾ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവർ മടങ്ങിപ്പോന്നു. എന്നാൽ ബാലനായ ഈശോ ജറുസലേമിൽ തങ്ങി” (ലൂക്കാ 2:43)*

*പരി. അമ്മേ, അമ്മയുടെ സർവ്വസ്വവുമായിരുന്ന ഈശോയെ കാണാതായത് ഏറ്റം വ്യാകുലം നിറഞ്ഞ അനുഭവമായിരുന്നുവല്ലോ. ‘നിങ്ങൾ എന്തിനാണ് എന്റെ എന്നെ അന്വേഷിച്ചത് എന്ന ഈശോയുടെ ചോദ്യത്തിന്റെ അർത്ഥവും മനസ്സിലാകാതെ വിഷമിച്ചുവല്ലോ. ഈശോയെ പരിപാലിച്ചു വളർത്തിയ അമ്മേ, ഞങ്ങളുടെ ജീവിതത്തിൽനിന്നും ഈശോയ ഒരിക്കലും നഷ്ടപ്പെടാൻ ഇടയാകരുതേ. നഷ്ടപ്പെടാൻ ഇടയായാൽ യഥാർത്ഥമായ അനുതാപത്തിലൂടെ ഈശോയ കണ്ടെത്തുവാനും സഹായിക്കണമെ.*

*നാലാം ദിവ്യരഹസ്യം:* **കുരിശുംവഹിച്ചുപോകുന്ന ഈശോയെ കാണുന്ന അമ്മയുടെ വ്യാകുലം**
*“അവനെക്കുറിച്ചു വിലപിക്കുകയും കരയുകയും ചെയ്തിരുന്ന സ്ത്രീകളടക്കം അനേകം ...അനുഗമിച്ചിരുന്നു (ലൂക്കാ 23:26)*

പരി. അമ്മേ, കാൽവരിയിലേക്കുള്ള യാത്രാമദ്ധ്യേ അങ്ങേ പ്രിയപുത്രനെ കണ്ടപ്പോൾ അങ്ങേക്കുണ്ടായ മനോവേദന എത്ര അഗാധമാണ്. വേർപാടിന്റെ നൊമ്പരം ഏറ്റുവാങ്ങിയ പരി. അമ്മേ, ലോകം മുഴുവന്റെമേലും അങ്ങേ സ്നേഹത്തിന്റെ കടാക്ഷം തൂകണമേ. ഞങ്ങളുടെ പ്രിയപ്പെട്ടവരുടെ രോഗങ്ങളും വേദനകളും അകറ്റുവാനും ഒപ്പം സഹനങ്ങളെയും ബുദ്ധിമുട്ടുകളെയും സ്വീകരിക്കുവാനുള്ള ശക്തിക്കുവേണ്ടിയും ഞങ്ങൾ അങ്ങയുടെ മാദ്ധ്യസ്ഥ്യം യാചിക്കുന്നു. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

*അഞ്ചാം ദിവ്യരഹസ്യം:* **കുരിശിൻ ചവട്ടിൽ നിൽക്കുന്ന അമ്മയുടെ വ്യാകുലം.** *“ഈശോയുടെ കുരിശിനടുത്ത് അവന്റെ അമ്മയും ....നിന്നിരുന്നു (യോഹ. 19:25)*

ഈശോയുടെ കുരിശിൻചുവട്ടിൽനിന്നുകൊണ്ട് പ്രിയപുത്രന്റെ ആത്മബലിയിൽ അങ്ങു സഹകരിച്ചുവല്ലോ. ദുഃഖങ്ങൾ, അപകടങ്ങൾ, രോഗം, മരണം, സാമ്പത്തികനഷ്ടം എന്നിവയെല്ലാം ഗാഗുൽത്താബലിയുടെ കൗദാശിക ആഘോഷമായ അൾത്താരയിലെ ബലിയിൽ സമർപ്പിച്ചുകൊണ്ട് ശക്തിനേടുവാൻ ഞങ്ങളെ സഹായിക്കണമെ. പരി. അമ്മേ, സഹനങ്ങളെ ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ഭാഗമായി സ്വീകരിക്കുവാനുള്ള കൃപാവരത്തിനായി അങ്ങയുടെ മാധ്യസ്ഥ്യം ഞങ്ങൾ യാചിക്കുന്നു. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

പ്രതീക്ഷയുടെ പൂമൊട്ടുകൾ

വിചാരണ

# ക്ഷുദ്രജീവികളെ സൂക്ഷിക്കുക!!!

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

കുറച്ചുനാളുകൾക്കുമുമ്പ് ഒരു വൈദികനും അദ്ദേഹത്തിന്റെ ഒരു സഹായിയുംകൂടി ഒരു ഭവനത്തിൽ കടന്നുചെന്ന് പ്രാർത്ഥിച്ചിട്ട് പറഞ്ഞു: ഈ വീടൊന്ന് പരിശോധിക്കണം. ആരോ ഇവിടെ കൂടോത്രം വെച്ചിട്ടുണ്ട്. രണ്ടുപേരുംകൂടി കൂടോത്രം തപ്പി വീടുമുഴുവൻ അരിച്ചുപെറുക്കി. വൈദികൻ കയ്യിൽ കുരിശു പിടിച്ചും കൂടെ, ഒളിപ്പിച്ചുവച്ചിരിക്കുന്ന കൂടോത്രം പൊക്കുന്നതിൽ സ്പെഷ്യലൈസ് ചെയ്തിരിക്കുന്ന സഹായി തന്റെ ആയുധമായ വലിയൊരു കൊന്ത കറക്കിയും മുറികൾ മുഴുവൻ കയറിയിറങ്ങി. അവസാനം കിടപ്പുമുറിയിലെ അലമാരയുടെ മുകളിൽനിന്ന് സാധനം പൊക്കി. അതുകണ്ട് വീട്ടുകാരി അന്ധാളിച്ച് വായുംപൊളിച്ചുനിന്നപ്പോൾ വൈദികൻ വളരെ ഗൗരവത്തോടെ, പുറത്തുനിന്ന് ആരൊക്കെയാണ് ഈ മുറിയിൽ കയറുന്നതെന്ന് ചോദിച്ചു. കിടപ്പുമുറിയായതുകൊണ്ട് ആരുംതന്നെ കയറാറില്ല എന്ന് ആ സ്ത്രീ മറുപടി പറഞ്ഞു. ആരും കയറാറില്ലേ എന്ന ആവർത്തിച്ചുള്ള ചോദ്യത്തിന് ആ സ്ത്രീ മറുപടി പറഞ്ഞു: വല്ലപ്പോഴും ഭർത്താവിന്റെ സഹോദരി വരുമ്പോൾ കയറാറുണ്ട് . അപ്പോൾ അങ്ങനെയൊരാൾ കയറാറുണ്ട് അല്ലേ എന്ന് അച്ചൻ അർത്ഥഗർഭമായി ചോദിച്ചു. ആ സ്ത്രീക്ക് കാര്യങ്ങളൊക്കെ മനസിലായി. അന്നവസാനിപ്പിച്ചു തന്റെ നാത്തൂനോടുള്ള ബന്ധം.

ക്ഷുദ്രപ്രയോഗങ്ങളുടെ പേരുംപറഞ്ഞ് ബന്ധുക്കളെയും അയൽക്കാരെയുമൊക്കെ തമ്മിൽത്തല്ലിക്കുന്നവർ വീടുകൾ കയറിയിറങ്ങി മനുഷ്യരുടെ മനസമാധാനം നശിപ്പിക്കുന്നത് ഇന്നൊരു പതിവായിരിക്കുന്നു. അന്ധവിശ്വാസികളായ സത്യക്രിസ്ത്യാനികൾ കൂടുകയും മനുഷ്യർ ദൈവത്തെക്കാൾ കൂടുതൽ പിശാചിനെക്കുറിച്ചു ധ്യാനിച്ചുകൊണ്ട് ജീവിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഏറ്റവും ഡിമാന്റുള്ള ഒരു തൊഴിലാണ് മുകളിൽ പറഞ്ഞത്.

മറ്റുള്ളവരുടെ നാശം ആഗ്രഹിച്ച് ക്ഷുദ്രപ്രയോഗങ്ങൾ നടത്തുന്നവരുണ്ട്. എന്നാൽ ദൈവത്തോടുചേർന്നു ജീവിക്കുന്നവർക്ക് അവിടുന്ന് ഒരനർത്ഥവും വരുത്തില്ലെന്നുള്ള ബോദ്ധ്യമുണ്ടെങ്കിൽപിന്നെ ക്ഷുദ്രപ്രയോഗങ്ങൾക്കെന്തു ഫലം? എന്നാൽ അരുവിത്തുറ വല്യച്ചന്റെ നേർച്ചപ്പെട്ടിയിലും പിന്നെ പുണ്യാളച്ചന്റെ കുന്തം കയറിയപ്പോൾ വാപൊളിച്ചുപോയ ഭീകരജന്തുവിന്റെ അണ്ണാക്കിലും ഒരുപോലെ നേർച്ചയിടുന്ന നമ്മുടെ വിശ്വാസമാണ് ഇതുപോലുള്ള വ്യാജപ്രവാചകന്മാർ വളരാൻ കാരണം.

ഒരു ധ്യാനകേന്ദ്രത്തിൽപോയി അഞ്ചു ദിവസം ധ്യാനിച്ചിട്ട് തന്റെ അയൽവാസികളായ പന്ത്രണ്ടു കുടുംബങ്ങളോട് ഒടുങ്ങാത്ത പകയുമായി തിരിച്ചുവന്ന ഒരാളുടെ കഥ കഴിഞ്ഞ ദിവസം കേട്ടു. ധ്യാനത്തിനിടയിൽ കൗൺസിലിംഗിന്റെ സമയത്ത് പന്ത്രണ്ട് അയൽക്കാർ അയാൾക്ക് ദോഷം വരാൻ എന്തൊക്കെയോ ക്ഷുദ്രപ്രയോഗങ്ങൾ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെട്ടുകിട്ടിയത്രേ! ധ്യാനങ്ങളിലൂടെ മനുഷ്യന്റെ വിശ്വാസത്തെ ബലപ്പെടുത്തുന്നതിനുപകരം അവന്റെ അന്ധവിശ്വാസങ്ങളെ ചൂഷണംചെയ്ത് സമൂഹത്തിൽ അസമാധാനം സൃഷ്ടിക്കുന്നവർ ചെയ്യുന്നത് യഥാർത്ഥത്തിൽ ദൈവവേലതന്നെയാണോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

ജീവിതാനുഭവങ്ങളെ വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് നോക്കിക്കാണുകയും വിശ്വാസോചിതമായി അവയോടു പ്രതികരിക്കുകയും ചെയ്യാതെ വിശ്വാസം ജീവിതാനുഭവങ്ങളാൽ സ്വാധീനിക്കപ്പെടാൻ അനുവദിക്കുന്നതാണ് ഇന്നത്തെ പ്രതിസന്ധി. അതുകൊണ്ടുതന്നെ വി. കുർബാനയും ഭക്താനുഷ്ഠാനങ്ങളുമൊക്കെ വെറും ദോഷ പരിഹാരകർമ്മങ്ങൾ മാത്രമായിത്തീരുന്നു. കൂദാശകളുടെയും ഭക്താനുഷ്ഠാനങ്ങളുടെയും യഥാർത്ഥ ചൈതന്യം തിരിച്ചറിയുക എന്നതുമാത്രമാണ് ഇതിനുള്ള പോംവഴി. ഒപ്പം കൂടോത്രകഥകളുമായി കൊന്തയും കുരിശുംപിടിച്ച് വീട്ടിൽ കയറിവരുന്നവരോട് ക്ഷുദ്രജീവികളോടെന്നപോലെ പ്രതികരിക്കാനും നാം തയ്യാറാകണം.






# പിതൃമൊഴി

## ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ

- യഥാർത്ഥ ക്രിസ്തു ശിഷ്യനിൽ ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹത്തിന്റെ മുദ്ര പതിഞ്ഞിരിക്കണം.
- നന്മയാകുന്ന നമ്മുടെ ചെറിയ സംഭാവനകൊണ്ട് നമുക്ക് സമാധാനം കെട്ടിപ്പടുക്കാം.
- ഓരോ നിമിഷവും ദൈവതിരുമനസ്സിനോട് ഒട്ടിച്ചേർന്നു നിൽക്കുകയാണെങ്കിൽ നാം പരിപൂർണതയുടെ നേർക്ക് ഒരു കയറ്റത്തിന്റെ യാത്രയിലാണ്.
- നമ്മുടെ ജീവിതം ത്യാഗത്തിന്റെ ബലിവേദിയിൽ എരിഞ്ഞു തീരുമ്പോൾ ലോകത്തിന് പ്രകാശം നൽകുവാനായി അവിടെനിന്ന് അണയാത്ത സ്നേഹത്തിന്റെ ജീവിത കൈത്തിരികൾ ദൈവം കത്തിച്ചെടുക്കും.
- പ്രാർത്ഥന നമ്മുടെ തിരഞ്ഞെടുപ്പിനും നമ്മുടെ പ്രവർത്തനങ്ങൾക്കും നമ്മുടെ ജോലികൾക്കും കൂടുതൽ ഇമ്പം നൽകും.
- വലിയ വലിയ കാര്യങ്ങൾ ചെയ്ത് രക്തസാക്ഷിയായില്ലെങ്കിലും അനുദിന ജീവിതത്തിലെ ചെറിയ ചെറിയ കാര്യങ്ങൾ വിശ്വസ്തതയോടെ ചെയ്ത് വിശുദ്ധരാകാൻ സാധിക്കും.
- മറ്റുള്ളവർക്ക് എന്റെ ജീവിതം ഒരു ശല്യമോ ഭാരമോ ആകരുത്, പ്രത്യുത സന്തോഷവും അനുഗ്രഹവുമാകണം.
- നമ്മുടെ ഹൃദയം എന്തിനാൽ നിറയപ്പെട്ടിരിക്കുന്നുവോ അതായിരിക്കും നാം മറ്റുള്ളവർക്കു കൊടുക്കുക.
- ജീവിതത്തെക്കുറിച്ചുള്ള പോസിറ്റീവായ സങ്കല്പത്തിന്റെ ബാഹ്യപ്രകാശനമാണു സന്തോഷം.
- നാം സ്നേഹത്തിനുവേണ്ടി ചെയ്യുമ്പോൾ ഒന്നും നമുക്കു ഭാരമായി തീരുകയില്ല പ്രത്യുത അത് മാധുര്യമേറിയ ഭാരമായിരിക്കും.
- ദൈവസ്നേഹത്തിന്റെ ഊഷ്മാവളക്കുന്ന തെർമോമീറ്റർ സഹോദരങ്ങളോടുള്ള സ്നേഹമാണ്.
- സ്രഷ്ടാവ് ഒരുവന്റെ ഉള്ളിൽ ജീവിക്കുമ്പോൾ സൃഷ്ടിയിലേക്കു കടന്നു ചെല്ലുന്ന സുഗന്ധമാണു നന്മ.
- നമ്മെ പ്രകോപിച്ചവരുടെയും നമ്മെ വേദനിപ്പിച്ചവരുടെയും അടുത്ത് പ്രാർത്ഥനയ്ക്കായി ഒരുമിച്ചുകൂട്ടുകയെന്നത് വിഭജിതമായ ഒരു ഹൃദയത്തോടെ നമ്മുടെ ദിവസം ആരംഭിക്കാതിരിക്കാൻ നമ്മെ സഹായിക്കുന്നു.
- ശരീരത്തിനു ഭക്ഷണം എന്നതുപോലെ ഹൃദയത്തിനു സ്നേഹവും ആവശ്യമാണ്.
- നാമെല്ലാം ഈ ഭൂമിയിലെ യാത്രക്കാരാണ് - കടന്നു പോകുന്നവരാണ്. നമ്മുടെ ഈ കടന്നു പോകലിൽ പ്രധാനമായത് സ്നേഹത്തിന്റെ പാദമുദ്ര പതിപ്പിച്ചു കടന്നുപോകുക എന്നതാണ്.




‘‘ഭൂവിൽനിന്നും ഞാനൊരുനാൾ
കുരിശിലുയർത്തപ്പെടുമപ്പോൾ
ആകർഷിതരായ് വന്നണയും
നിഖിലജനങ്ങളുമെന്നരികിൽ’’

(ഏലിയാ-സ്ലീവാ-മൂശക്കാലം, വ്യാഴം-റംശ)

For private circulation only

പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്